
# ലിറ്റിൽ മാസിക

2012 മെയ്

ലക്കം
138



ചോദിക്ക്, നിന്റെ ശബ്ദം കവർന്നതാരെന്ന്



'നല്ലതൊക്കെ വിശേഷദിവസത്തിനു വേണ്ടി കരുതിവെയ്ക്കാതെ ഇന്നു തന്നെ ഉപയോഗിക്കുക; ഇന്നാണ് വിശേഷദിവസം'

## ടെക്നോളജി വേണം എന്നാൽ...



ലിറ്റിൽ മാസിക

ലക്കം: 138

*1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.*

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
**4 പ്രിന്റ്,മഞ്ചേരി**


*സക്രിയത,പ്രാർത്ഥന, പ്രകൃതി, ആസ്വാദനം, സഹജീവനം,ധ്യാനം,സ്വാഭാവിക പുഞ്ചിരി,കാരുണ്യം,ഭക്ഷണം, കൂട്,ഉറക്കം,വിശ്രമം,സാധാരണത്തം,ജാഗ്രത,സൂഷ്മത,കവിത,ലാളിത്യം,സൗഹൃദം,ഒന്നുമില്ലായ്മ...ഇതെല്ലാമുള്ള ഒരു ജീവിതം,ലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ പത്രം. അതിനാൽ സുഹൃത്തേ നിങ്ങൾക്കും പങ്കുചേരാം ഈ ആലോചനകളിൽ....*


copyleft


## ധാരണകൾ

റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ ആ യാത്രക്കാരൻ ലഗേജുകൾ എടുക്കാൻ പോർട്ടർമാരെ തിരയുകയായിരുന്നു. കവിളൊട്ടി, ക്ഷീണിച്ച ശരീരവും, മുഷിഞ്ഞ വസ്ത്രവുമായി ആകെക്കൂടി കണ്ടാൽ മതിപ്പുളവാക്കാത്ത പ്രകൃതമായിരുന്നു അയാളുടേത്. ആരും അയാളെ ഗൗനിച്ചില്ല. ഒടുവിൽ ഒരാൾ വന്ന് ലഗേജ് എടുക്കാൻ ഭാവിച്ചു. പെട്ടെന്നതാ കറുത്ത കണ്ണടയും ധരിച്ച് ഒരു യുവതി പ്ലാറ്റ്ഫോമിൽ!! പോർട്ടർ കണ്ണടക്കാരിയുടെ അടുത്തേക്കോടി അവരുടെ ലഗേജുമെടുത്ത് നീങ്ങി. യാത്രക്കാരൻ പിറുപിറുത്തുകൊണ്ട് തന്റെ ലഗേജ് ഒരു തരത്തിൽ പുറത്തിറക്കി. അപ്പോൾ അതാ പഴയ പോർട്ടർ!. യാത്രക്കാരൻ അയാളുടെ അടുത്തെത്തി ഒരുപിടി കറൻസികൾ നീട്ടിയിട്ടു പറഞ്ഞു. “നിങ്ങൾക്കു തരാൻ വിചാരിച്ചിരുന്ന പണമാണിത്. എടുത്തുകൊള്ളൂ. എന്റെ മുഷിഞ്ഞ വേഷവും രൂപവുമാവാം എന്നെ ഉപേക്ഷിക്കാൻ നിങ്ങളെ പ്രേരിപ്പിച്ചത്. ആരെയും പുറമെയുള്ള കാഴ്ചകൊണ്ട് വിലയിരുത്തരുത്.” ഇതുകേട്ട് പോർട്ടർ ഒരു നിമിഷം ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു: “താങ്കൾ പറഞ്ഞത് ശരിയാണ്. പുറത്തുനിന്ന് കാണുന്ന കാഴ്ചകൊണ്ട് ഒരാളെ വിലയിരുത്തുന്നത് ശരിയല്ല. ഞാനിപ്പോൾ ലഗേജ് എടുത്ത് അനുഗമിച്ച സ്ത്രീ ഒരു അന്ധയാണ്. വർഷങ്ങളായി ഇവരെ എനിക്കറിയാം. ഈ ട്രെയിനിലെ നിത്യയാത്രക്കാരിയാണിവർ. അവരിൽ നിന്ന് പണം ഒന്നും വാങ്ങാതെയാണ് സ്ഥിരമായി ഞാൻ അവരെ സഹായിക്കുന്നത്!

---

## ഭൂമിയിൽ നടക്കുന്നവർ

**എം.പി. പ്രതീഷ്**



മനുഷ്യേതരമായ ഒരു ലോകത്തെ കുറിച്ച് നിരന്തരം എഴുതിയ മേതിൽ രാധാകൃഷ്ണനും ബഷീറും ഓരോ ദിവസത്തേയും എന്റെ ജീവിതത്തിനെ മുറിച്ചുകടക്കുന്നത് ഒരു യാദൃശ്ചികതയാവാം. അതിരാവിലത്തെ ഉണർച്ചയിൽ ടോയ്‌ലറ്റിലേക്കെടുക്കുന്ന ബക്കറ്റിൻ വെള്ളത്തിലോ തുണികൾ അലക്കി വിരിച്ചിടാനെത്തുന്ന അയക്കയറിലോ മുറ്റമടിക്കാൻ വെക്കുന്ന ചെറുചുവടുകൾക്കുതാഴെ മണ്ണിലോ അവരെഴുതിയിട്ടും തീരാത്ത തിര്യക്കുകൾ വന്നുപെടുന്നു. വെള്ളത്തിലേക്ക് വിരൽ തൂക്കിയിട്ട് ഉറുമ്പുകൾക്ക് പുറത്തുപോവാനോ, സഞ്ചാരം പൂർത്തിയാവും വരെ നനഞ്ഞ തുണികളുമായി അയക്കയറിനു സമീപം കാത്തുനിൽക്കാനോ, കാലിനടിയിൽ അമർത്താതെ ചുവടുമാറ്റാനോ എന്നെ നിരന്തരം പ്രേരിപ്പിക്കുന്നത് എന്തായിരിക്കും? ഒരു നിരയുറുമ്പുകളെ കാണുന്നേരം മേതിലിനെ/ബഷീറിനെ ഓർമ്മിക്കുക പതിവില്ല. പക്ഷേ അവരെ വായിക്കുമ്പോൾ ഒരുറുമ്പിനെയെങ്കിലും അറിയാതെ വയ്യ. എഴുത്തിന്റെ മേൽത്തട്ടിൽ മാത്രമല്ല, ജീവിതത്തിന്റെ അടിത്തട്ടിൽത്തന്നെ പാരസ്പര്യത്തിന്റെ പച്ചകൾ വളരുന്ന മനുഷ്യരായിരുന്നല്ലോ അവർ. പക്ഷേ നമ്മൾ?

---

## സ്നേഹ ശബ്ദങ്ങൾ

**സുകേതു**

“എത്രയും ബഹുമാനപ്പെട്ട
പ്രിയപ്പെട്ട
പ്രിയസുഹൃത്തേ..
സ്നേഹിതാ...
മാന്യരേ..
വിശ്വസ്തതയോടെ
വിനയത്തോടെ
സവിനയം
സ്നേഹപൂർവ്വം
ശുഭപ്രതീക്ഷയോടെ
കാത്തിരിപ്പോടെ
എല്ലാവർക്കും എന്റെ അന്വേഷണം..
ശേഷം മുഖദാവിൽ”

കണ്ടില്ലേ ചങ്ങാതീ.. കത്തെഴുത്ത് ഇല്ലാതായതോടെ അന്യം നിന്നുപോയ വാക്കുകൾ!! ഇങ്ങനെ എത്രയെത്ര സ്നേഹം നിറഞ്ഞ ശബ്ദങ്ങളെയാണ് നമ്മൾ അറിഞ്ഞും അറിയാതെയും.. അടിച്ചുവാരി കുപ്പയിലെറിയുമ്പോലെ...

ജീവിത ചിന്ത

# വിശേഷ ദിവസം

ബിജു ജോൺ



*'നല്ലതൊക്കെ വിശേഷദിവസത്തിനു വേണ്ടി കരുതിവെയ്ക്കാതെ ഇന്നു തന്നെ ഉപയോഗിക്കുക; ഇന്നാണ് വിശേഷദിവസം'*

അമേരിക്കൻ എഴുത്തുകാരിയായ റെജീനാ ബ്രെറ്റ് ചിന്തോദ്ദീപകമായ 50 ജീവിതപാഠങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചതിൽ ഉൾപ്പെട്ട ഒരു ചിന്തയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ജീവിതത്തിലെ വിശേഷദിവസം ഇനിയും കടന്നുവന്നിട്ടില്ലെന്ന ചിന്തയിൽ നല്ല വസ്ത്രങ്ങളും ആടയാഭരണങ്ങളും മറ്റുമൊക്കെ കരുതിവെക്കുന്നവർ തിരിച്ചുകിട്ടാത്ത ഓരോ വിശേഷദിവസങ്ങളെയും പാഴാക്കുകയാണ് ചെയ്യുന്നത്. 'എനിക്ക് ഒരു ദിവസമുണ്ട്' എന്ന ചിന്തയിൽ വരാൻ പോകുന്ന നല്ല ദിവസത്തിനായി കാത്തിരിക്കുന്നവരെ കാത്ത് എന്നെങ്കിലും ആ ദിവസം വരുമോ? അങ്ങനെ വരാൻ പോകുന്ന നല്ല കാലത്തിനായി കാത്തിരിക്കുന്നവർ വിശേഷങ്ങളായ ഓരോ ദിവസവും പാഴാക്കുകയാണ്. ജീവിതം ഒരു അനുഗ്രഹമാണ്. ഓരോ ദിവസവും ഓരോ വിശേഷദിവസമാണ്. ഓരോ ദിവസവും ഓരോ നിമിഷവും വിശേഷമാണ് എന്നു കരുതി ഒന്ന് ജീവിച്ചുനോക്കിയാൽ എന്താവും ഫലം? കൈക്കുമ്പിളിൽ കിട്ടിയതാണ് ഇന്നത്തെ നിമിഷം. എത്ര പരിമിതികളുണ്ടെങ്കിലും ഈ നിമിഷം തന്നെയാണ് യഥാർത്ഥമായത്; കാരണം അതിപ്പോൾ നമ്മുടെ കയ്യിലുള്ളതാണ്. നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നത് ഈ നിമിഷത്തിൽ അല്ലെങ്കിൽ ഈ ദിവസത്തിലാണ്.

ബസ് സ്റ്റാന്റിൽ അന്തിയുറങ്ങുന്ന ഒരു യാചകനെ ശ്രദ്ധിക്കാനിടയായി. എന്നും രാവിലെ തന്റെ പൊട്ടിയ കണ്ണാടിയിൽ നോക്കി പഴയ ബ്ലേഡ് ഉപയോഗിച്ച് മുഖം ഷേവ് ചെയ്യുന്ന അയാളെ കണ്ട് അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. എന്നും രാവിലെ മുഖം മിനുക്കി എങ്ങോട്ടാണയാൾ പോകുന്നത്? തെരുവിൽ ഭിക്ഷയാചിക്കാൻ. വിശേഷദിവസത്തിലെന്നപോലെ ഓരോ ദിവസവും അയാൾ ജാഗ്രതയോടെ സ്വയം തയ്യാറായി ഭിക്ഷായാചനയ്ക്കിറങ്ങുന്നു.

ആർമിയിൽ നിന്നും ഉയർന്ന പദവിയിൽ വിരമിച്ച ഒരാളെ അറിയാം. എന്നും അതിരാവിലെ എഴുന്നേറ്റ് തന്റെ ഔദ്യോഗിക ദിവസങ്ങളിലെന്നപോലെ കുളിച്ച് മുഖം ഷേവ് ചെയ്ത് തയ്യാറാവുന്നു. കൃത്യസമയത്ത് പ്രാതൽ കഴിച്ച് ജോലിക്കെന്നപോലെ നടക്കാനിറങ്ങുന്നു. തിരക്കേറിയ തെരുവിൽ ഒരു സ്കൂളിന് മുന്നിൽ റോഡ് മുറിച്ചുകടക്കാൻ സ്കൂൾ കുട്ടികളെ സഹായിക്കുന്ന ജോലിയിൽ വ്യാപൃതനാവും.

വിശേഷദിവസം ഇന്ന് തന്നെയാണ്. ആ വിശേഷനിമിഷം ഈ നിമിഷം തന്നെയാണ് എന്ന് മനസ്സിനെ പറഞ്ഞു ശീലിപ്പിച്ചാൽ ഓരോ നിമിഷവും ഓരോ ദിവസവും വിശേഷപ്പെട്ടതായിത്തീരും.

## മൊഴിയാഴങ്ങൾ

ഷൗക്കത്ത്

### വഴികൾ


മത്സ്യം ജലത്തെ തേടുന്നതുപോലെയാണ് നാം നമ്മെ അന്വേഷിക്കുന്നത്. നമ്മിൽ നിന്നും അന്യമായി ഒരാകാശമില്ലെന്നും നാം തന്നെയാണ് ആകാശമെന്നും അറിയലാണ് അറിവ്. അതിനായി നാം പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. സന്തോഷിക്കാനുള്ള ഏകവഴി സന്തോഷമായിരിക്കൽ മാത്രമാണ്. നമുക്ക് നമ്മെ അറിയണമെന്നുണ്ടെങ്കിൽ അനാവശ്യമായ എല്ലാ അന്വേഷണങ്ങളും ഒടുങ്ങണം. അന്വേഷണങ്ങളെല്ലാം നമ്മെ നമ്മിലേക്കടുപ്പിക്കാനുള്ള ശ്രമങ്ങളാണെങ്കിലും പലതും നമ്മിൽ നിന്നും നമ്മെ അകറ്റുകയാണ് ചെയ്യുന്നത്. ചോദ്യങ്ങളെല്ലാം അറ്റുവീഴുമ്പോൾ നമുക്ക് നമ്മുടെ സത്തയെ അനുഭവിക്കാമെന്നാണ് അറിഞ്ഞവർ പറഞ്ഞത്. ഹൃദയം നിറയുന്ന കാഴ്ചകൾക്കും വാക്കുകൾക്കും മുമ്പിൽ ആശ്ചര്യത്തോടെ മിഴിച്ചുനിന്നപ്പോഴെല്ലാം ചോദ്യങ്ങളറ്റുവീഴുന്നത് നാം അനുഭവിച്ചിട്ടുള്ളതാണ്. ആ അനുഭൂതിയിൽ നമ്മുടെ സത്തയുടെ നേരിയ സ്പർശം അനുഭവിക്കുകയായിരുന്നു. ചോദ്യങ്ങളെല്ലാം വേരറ്റുവീഴുന്ന നിമിഷങ്ങളിലാണ് സാക്ഷാത്ക്കാരത്തിന്റെ ഉറവ പൊട്ടുന്നത്.

## ശബ്ദം

*മാസ് മീഡിയയ്ക്കും മാസ് റിയാലിറ്റിക്കുമിടയിലുള്ള അകലം അപകടകരമാംവിധം വർദ്ധിച്ചുവരികയാണ്.*

**- പി. സായ്നാഥ്**


പിഷാലച്ചോട്... ശ്രീനി 2d



**സമകാലിക അഫ്ഗാൻ പെണ്ണിന്റെ നോവുകൾ പകർത്തുന്ന ചെറു സിനിമയെക്കുറിച്ച്..**

# ചോദിക്ക്, നിന്റെ ശബ്ദം കവർന്നതാരെന്ന്....

**മമ്മദ് മൊണ്ടാഷ്**



*വിടർന്നല്ലോ എങ്ങും വസന്തം,*
*ദൈവമേ, മുക്കിൽ മാത്രമാണല്ലോ*
*ഞാനിനിയും.*
*നോവുകൊണ്ടും നീരസംകൊണ്ടും*
*നുരഞ്ഞു ഞാൻ പൊങ്ങുന്നുവല്ലോ,*
*ദൈവമേ*
*അബലയെന്നാണല്ലോ ദൈവമേ*
*ഈ ലോകമെനിക്കേകിയ ചാർത്ത്*
*കുഴിമാടക്കല്ലിലെങ്കിലും എന്നെ*
*നീ അടയാളപ്പെടുത്തണേ, എന്റെ*
*ദൈവമേ..*

ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ പാലക്കാട്ടുവെച്ച് നടന്ന സൈൻസ് ദേശീയ ഹ്രസ്വചിത്ര ഡോക്യുമെന്ററിമേളയുടെ ഉദ്ഘാടനചിത്രമായ 'Half value life' (അർദ്ധമൂല്യമുള്ള ജീവിതങ്ങൾ) തുടങ്ങുന്നത് ആത്മാവു നീറ്റുന്ന പ്രാർത്ഥനാഭരിതമായ ഈ പൂമുഖവരികളുടെ റേഡിയോ ആലാപനത്തിലൂടെയാണ്. ഇരുപത്തിനാല് മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഒരു കൊച്ചുഡോക്യുമെന്ററി എങ്ങനെ ഒരു കാലഘട്ടത്തിലെ ജനതയുടെ വേവുന്ന നേർക്കാഴ്ചകളാവുന്നുവെന്നതിന് ഉത്തമോദാഹരണമാണ് അഫ്ഗാൻ യുവസംവിധായക അൽകാ സാദത്ത് സംവിധാനം ചെയ്ത ഈ ചെറുചിത്രം. വർത്തമാന അഫ്ഗാനിലെ പരിതാപകരമായ സ്ത്രീയവസ്ഥയിൽ കേന്ദ്രീകരിക്കെത്തന്നെ സ്ത്രീയവസ്ഥയുടെ ദുരിതവർത്തമാനങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ കലാപരമായി കൊണ്ടുപോവുന്നുണ്ടിത്.

സ്ത്രീയായി പിറക്കയാൽ ജീവിക്കാനുള്ള അവകാശമെല്ലാം അപഹരിക്കപ്പെട്ട, ഒന്നുറക്കെ ഒച്ച വെയ്ക്കാനാവാത്ത വിധം തൊണ്ടയിലെ ശബ്ദം പോലും വറ്റിയ അഫ്ഗാനിലെ അർദ്ധരാശി, കണ്ണുനീരിനും കദനങ്ങൾക്കുമിടയിൽ ഊർധ്വശ്വാസം പോലെ പുറപ്പെടുവിക്കുന്ന ഒരു വിലാപകാവ്യമാണ് മേൽവരികൾ. 'പെണ്ണായിരിക്കുക' എന്നതുതന്നെ പ്രശ്നമാകുന്ന, ആതുരമായ ആൺകോയ്മ സാമൂഹികനീതിയുടെ അടിസ്ഥാന മാനമാകുന്ന ഒരു സാമൂഹികാവസ്ഥയിൽ, നിരാലംബയായ ഒരു സ്ത്രീക്ക് തന്റെ അസ്തിത്വാദയമായ ദൈവത്തെ വിളിച്ചു കേഴുവാനല്ലാതെ മറ്റെന്തിനാണാവുക?

മതകീയ ആൺകോയ്മയുടെ ആപ്പിൽ ജീവിതം കുടുങ്ങിപ്പോയ, ജീവിതമൂല്യം വട്ടപ്പൂജ്യമായിത്തീർന്ന നാലു പെൺജീവിതങ്ങളെയാണ് സിനിമ മുന്നോട്ടുവെയ്ക്കുന്നത്. ഈ വരണ്ടുണങ്ങിയ ജീവിതങ്ങൾക്ക് നീതിയുടെ കനിവും കരുണയും ലഭ്യമാക്കി, ആൺകോയ്മയുടെ കർക്കശാധികാരങ്ങളെ തന്റെ ഔദ്യോഗികപദവിയുപയോഗിച്ച് തുടർച്ചയായി ചോദ്യം ചെയ്യുകയും ഇരകളിൽ ആത്മവിശ്വാസവും ജീവന്റെ തുടിപ്പും എങ്ങനെ നിറയ്ക്കാമെന്ന് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അഫ്ഗാനിലെ ഹീറത്ത് ഡിവിഷനിലെ പ്രൊവിൻഷ്യൽ അറ്റോർണി ജനറൽ (PAG), മറിയം ബഷീറിനെയാണ് സിനിമ അതിന്റെ കേന്ദ്രത്തിൽ നിർത്തുന്നത്. ഇവർ നിയമപരമായി/ഔദ്യോഗികമായി ഇടപെടുന്ന ചില പെൺപ്രശ്നങ്ങളിലേക്കും, അതിവരുടെ ജീവിതത്തിൽ തീർക്കുന്ന പ്രത്യാഘാതങ്ങളിലേക്കും സിനിമ വളരുന്നു. ഒരുവശത്ത് മറിയം ബഷീർ കാണുന്ന ജീവിതദുരിതങ്ങളിൽ കുരുങ്ങിപ്പോയ പെൺജീവിതങ്ങൾ, അവരുടെ നോവുകൾ, അപമാനവീകരണത്തിന്റെ അടയാളങ്ങൾ എന്നിവ നമ്മെ തുറിച്ചുനോക്കുമ്പോൾ, മറുവശത്ത് ഇവരുടെ ഇടപെടലുകൾ ഒരു സ്ത്രീയെന്ന നിലയിൽ അവരുടെ തന്നെ ജീവിതത്തിൽ തീർക്കുന്ന മായാമുദ്രകളും നമ്മെ വേട്ടയാടും. ഇരകളുടെ കൂട്ടത്തിൽ വിവാഹാനന്തരം ഗാർഹികപീഡനത്തിന് വിധേയയാകുന്ന ഒരു ഒമ്പതു വയസ്സുകാരിയും, നിരന്തരം പീഡനങ്ങളേറ്റുവാങ്ങുന്ന ഗർഭിണിയായ ഒരു പതിനേഴുകാരിയും, പീഡനങ്ങൾക്കും വിവാഹമോചന ഭീഷണികൾക്കുമിടയിൽ ഒരു ജീവച്ഛവമാകുന്ന, ഏകാന്തതയും മുറിയുടെ ജനലിൽ തൂങ്ങിക്കിടക്കുന്ന ഒരു റേഡിയോയും മാത്രം കൂട്ടായുള്ള ഒരു കൗമാരക്കാരിയുമുണ്ട്. ഇത്തരം ഇരകൾക്ക് നീതി ലഭ്യമാക്കുന്നതിന് വധഭീഷണികളെയും സാമ്പത്തികപ്രലോഭനങ്ങളെയും കൂട്ടാക്കാതെ രാപ്പകൽ സ്വയമർപ്പിക്കുന്നതിന് അഫ്ഗാനിലെ ആൺശത്രുപക്ഷം ഇവരെ വീട്ടിൽ ബോംബിട്ട് അക്രമിക്കുന്നതിന്റെ ടെലിവിഷൻ ക്ലിപ്പിംഗുകളുമുണ്ട്. ഒരുപക്ഷേ 2009 ൽ ചെയ്ത സിനിമ സാങ്കേതികകാരണങ്ങളാൽ പുറംലോകത്തെത്തിക്കുന്നതിന് വല്ലാതെ കഷ്ടപ്പെട്ട സംവിധായിക അൽകാ സാദത്ത് തന്നെയും കാണാമറയത്തുണ്ട്.

'Half value life' (അർദ്ധമൂല്യമുള്ള ജീവിതങ്ങൾ) എന്ന തലക്കെട്ട് പ്രാഥമികമായും രണ്ടർത്ഥങ്ങളാണ് ഉൽപാദിപ്പിക്കുന്നത്. ഒന്നാമതായി, പെൺജീവിതങ്ങളെ ആണിന്റെ പാതിയായി മാത്രം നിർവ്വചിക്കപ്പെടുന്ന ആൺപക്ഷ ഭാഷയിലെ 'നല്ല പാതി' 'ഭാര്യ'യെന്നർത്ഥത്തിൽ. 'ആൺ' കൂടിച്ചേരുമ്പോൾ മാത്രമേ പെൺപാതി പൂർണ്ണമാവുകയുള്ളൂവെന്ന് ഈ 'ഹാഫ്' പ്രയോഗം പറയുന്നുണ്ട്. രണ്ടാമതായി, ബാക്കി എല്ലാ ജീവജാലങ്ങളെയും പോലെ പൂർണ്ണജീവിതത്തിന് അർഹരായ ഏതാനും മനുഷ്യസ്ത്രീകളിതാ, ആൺനിയമങ്ങൾക്കിടയിൽ 'നല്ലപാതി'യെന്ന ലേബലിൽ ജീവിതത്തിന്റെ പാതിപോലും മൂല്യമില്ലാതെ ജീവിക്കേണ്ടി വരുന്നുവെന്ന ഗൗരവം നിറഞ്ഞ തമാശയാണത്.

പെൺപ്രശ്നങ്ങളുടെ ആധിക്യം വായിച്ചും, കേട്ടും ഒരുപക്ഷേ സിനിമയിൽ കഥകളായും കണ്ട നമ്മുടെ ദൃശ്യാവബോധത്തെ മുഴുവനും ഷോക്കേൽപിക്കുന്ന

താണ് സമകാലിക അഫ്ഗാൻ പെണ്ണിന്റെ നോവുകൾ പകർത്തുന്ന ഈ സിനിമ. രണ്ടു കൈപ്പടങ്ങളും ഭർത്താവിന്റെ പീഡനഭാഗമായി സിഗാർലൈറ്റർ പൊള്ളിക്കലിന്റെ ആഴത്തിലുള്ള മുറിവുകളുമായി, അടിയേറ്റ് കലങ്ങിയ കണ്ണുകളുമായി ഒരു ഒമ്പതുവയസ്സുകാരി അഫ്ഗാൻ കുടുംബകോടതിയിലെ വ്യവഹാര വ്യവസ്ഥയ്ക്ക് മുമ്പിൽ നല്ല പ്രായാന്തരമുള്ള ഭർത്താവിനൊപ്പം നിൽക്കുമ്പോൾ, അവളുടെ നിഷ്കളങ്കനോട്ടം നമ്മുടെ നീതിബോധത്തെ നിസ്സംശയം മുറിവേൽപിക്കും. ഒമ്പതുവയസ്സുകാരിയായ ഈ കുട്ടി ഇത്തരം ശിക്ഷകൾ ഏറ്റുവാങ്ങിയത് ശയനമുറിയിൽ ഭർത്താവിന് വിധേയയാവാൻ തയ്യാറായില്ല എന്നതിനു കൂടിയാവുമ്പോൾ, നമ്മുടെ മനുഷ്യകുലത്തിന്റെ സാംസ്കാരിക മുന്നേറ്റങ്ങളെക്കുറിച്ച അവകാശവാദങ്ങളെ അല്പമെങ്കിലും സംശയിച്ചേക്കും. രാവിലെ മുതൽ വൈകിട്ട് വരെ കറുപ്പുചെടിയിൽ നിന്ന് വിളവു ശേഖരിക്കാൻ തന്നെ ഭർതൃകുടുംബം വിനിയോഗിക്കാറുണ്ടെന്നുകൂടി ഈ പെൺകുട്ടി പറയുമ്പോൾ മാനവീയതയെക്കുറിച്ചുള്ള നമ്മുടെ വാചകക്കസർത്തുകളുടെ അർത്ഥശൂന്യത നമുക്ക് ബോധ്യം വരും. പക്ഷേ, പശിയടക്കാൻ കുടുംബങ്ങൾ കുരുന്നുബാലികമാരെ വിൽക്കുന്ന വർത്തമാന അഫ്ഗാനിൽ ഇതൊന്നും വാർത്തയല്ലാതായിത്തീരുന്നുവെന്നതാണ് വാസ്തവം.

ഭർത്താവിൽ നിന്നും കാൽപാദത്തിനടിയിൽ എണ്ണമറ്റ അടികളേറ്റ്, കാൽപാദത്തിന്റെ മുകൾഭാഗം വരെ പഴുത്തുപൊട്ടിയ ഗർഭിണിയായ പതിനേഴുകാരി അവളുടെ പർദ്ദയുടെ മൂടുപടത്തിലൂടെ കുടുംബകോടതിയിൽ സംസാരിക്കുമ്പോൾ ആൺകോയ്മയുടെ വ്യവസ്ഥാപിത രൂപങ്ങൾ എപ്രകാരമെല്ലാം തങ്ങളുടെ താന്തോന്നിത്തരങ്ങളെ ന്യായീകരിക്കുന്നുവെന്ന് നാം അവരുടെ ഭർത്താവിന്റെ വശത്തുനിന്നും കേൾക്കുന്നു. പ്രത്യേകം തയ്യാറാക്കിയ വടികൾ കൊണ്ട് പ്രഹരിച്ച് കാൽപൊട്ടിച്ച ശേഷം ഇയാൾ അതിൽ ഉപ്പുവെള്ളം പ്രയോഗിച്ചുവെന്ന് കോടതിയിൽ സമ്മതിക്കുന്നുണ്ട്. താനിതു ചെയ്തത് മുറിവ് പെട്ടെന്നുണങ്ങാനെന്നാണ് അയാളുടെ പക്ഷം. പോലീസിൽ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും മൂന്നാഴ്ചയോളം അവർ ഒരു നടപടിയും സ്വീകരിച്ചില്ല എന്ന് അവസാനം കുടുംബകോടതിയിൽ പെൺകുട്ടിക്കുവേണ്ടി വാദിക്കുന്ന മറിയം ബഷീർ റിപ്പോർട്ടു ചെയ്യുന്നുണ്ട്. മാത്രമല്ല, ഇവർ നിയമപരമായി വിളിച്ചിട്ടും ഈ ഭർത്താവ് ഏതാനും ദിവസങ്ങൾ പ്രതികരിച്ചില്ല. പിന്നീട് തന്റെ അധികാരമുപയോഗിച്ച് ഒരു ഓഫീസറെ വിട്ട ശേഷമാണ് ഇയാൾ കോടതിയിൽ ഹാജരാകുന്നത്. ഈ ഭർത്താവും കോടതിയ്ക്കുമുമ്പിൽ തന്റെ ചെയ്തികളെ ശക്തിയുക്തം ന്യായീകരിക്കുന്ന കാഴ്ച നമ്മെ അമ്പരപ്പിച്ചേക്കും.

ഭൂമിയിലെ മുഴുവൻ ഏകാന്തതയും ഏറ്റുവാങ്ങി, തന്റെ വീടിന്റെ ജനലിലൂടെ അനന്തതയിലേക്ക് കണ്ണും നട്ടിരിക്കുന്ന, എപ്പോഴും ചിലച്ചുകൊണ്ടിരിക്കുന്ന ഒരു റേഡിയോ മാത്രം കൂട്ടായുള്ള മൂന്നാമത്തെ പെൺകുട്ടി മനുഷ്യർ തീർക്കുന്ന മാനുഷിക ബന്ധങ്ങളെ സംബന്ധിക്കുന്ന നൂലാമാലകളിൽ കുടുങ്ങിപ്പോവുന്ന തീർത്തും അശരണരായ നിരാലംബയായ ഒരു മനുഷ്യജീവിതമാണ്. മനുഷ്യപ്പെണ്ണെന്ന അസ്തിത്വബോധത്തിന്റെ അപൂർവ്വം ചില നിമിഷങ്ങളിൽ അവളും മുഖത്തെ പൊലിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്-ലിപ്സ്റ്റികും റൂഷും കൊണ്ട്. മറിയം ബഷീറിന്റെ വീട് ആക്രമിക്കപ്പെട്ട വാർത്ത കേൾക്കെ നിസ്സഹായയായി തേങ്ങിത്തേങ്ങിക്കരയുന്നുമുണ്ട് ഈ പെൺകുട്ടി.

ഒരുപക്ഷേ, ഈ കേസുകളെല്ലാം മനുഷ്യർക്കിടയിലെ പരപീഢാ (Sadism) മാനസികഭ്രംശമുള്ളവരുടേതല്ലേ എന്നു നാം സംശയിച്ചേക്കാം. അല്ല എന്നു തന്നെയാണ് സിനിമ നൽകുന്ന ഉത്തരം. ഒരു സമൂഹത്തിന് മുഴുവൻ ആൺ അനുഭാവ നിലപാട് വരികയും, ആൺകോയ്മ അവരുടെ നീതിബോധത്തിന്റെ ആണി



*അൽകാ സാദത്ത്*

ക്കല്ലാവുകയും ചെയ്യുന്നത് സിനിമ പകർത്തുന്നുണ്ട്. അത് സമൂഹത്തിൽ മാന്യമായ അധികാരപദവിയിലിരിക്കുന്ന മറിയം ബഷീറിന്റെ വീടിനെ ഇതേ സമൂഹത്തിലെ തന്നെ ഒരു അക്രമിസംഘം ആക്രമിക്കുമ്പോഴാണ്. മാത്രമല്ല, ഇവരുടെയും ഇവരുടെ മൂന്ന് മക്കളുടെയും ജീവിതത്തിന് അഫ്ഗാൻ ആൺകോയ്മ വിലപറയുമ്പോഴാണ്. അപ്പോൾ ഇവ വ്യക്തിപരമായ പരപീഢാ കേസുകളല്ലെന്നും ഇത്തരം ആൺ അതിക്രമങ്ങളെയും മൂല്യബോധത്തെയും ചോദ്യം ചെയ്യുന്നവരെ അപ്പാടെ ഉൻമൂലനം ചെയ്യുന്ന Social sadist കളുടെ ഒരു രംഗഭൂമിയായി അഫ്ഗാൻ മാറിയതിന്റെ തെളിവുകളാണെന്നും സിനിമ സാക്ഷ്യപ്പെടുത്തുന്നു. ഈ വെല്ലുവിളികൾക്കിടയിലെല്ലാം ഇളകാതെ നിന്ന് പെൺനീതിയുടെ നാമ്പുകൾ കിളിർക്കാൻ അഹോരാത്രം പണിപ്പെടുന്നുണ്ട് 'മറിയം ബഷീർ'-സ്ത്രീത്വത്തിനുള്ള തുല്യതയില്ലാത്ത മാതൃകയായി.

മുറിവേറ്റ ഈ പെൺ അസ്തിത്വങ്ങളോടൊപ്പം സിനിമ മുന്നോട്ടുവെയ്ക്കുന്ന പെൺസംബന്ധിയായ സമകാലിക പ്രസക്തമായ മറ്റു പല വിഷയങ്ങളുമുണ്ട്. കുടുബത്തിലും, സമൂഹത്തിലും, ജയിലിലും കുടുങ്ങിപ്പോയ പെൺജീവിതങ്ങൾ, അഫ്ഗാനിസ്ഥാനിലെ വിവാഹനിയമങ്ങളിലെ സ്ത്രീവിരുദ്ധവാരങ്ങൾ, ബാലികാവിവാഹങ്ങൾ, കൈമാറ്റ ജീവിതങ്ങളിലെ പ്രശ്നങ്ങൾ, പെൺവിവാഹപ്രായം, ഗാർഹികപീഢനം, സ്ത്രീയുടെ ഒറ്റപ്പെടൽ തുടങ്ങിയവ. ഇവ പലതും ഈ ചെറു ഡോക്യുമെന്ററി ശക്തമായ ദൃശ്യബിംബങ്ങളിലൂടെ പ്രേക്ഷകരിലെത്തിക്കുന്നതിൽ വിജയിക്കുന്നുമുണ്ട്. ഇതിന് തെളിവായിട്ടെന്നോണമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ഡോക്യുമെന്ററി ഫെസ്റ്റിവലുകളിലും, ചലച്ചിത്രമേളകളിലും ഈ ചിത്രം പങ്കെടുത്തതും പല അവാർഡുകളും നേടിയതും. വിമൻസ് വോയ്സസ് നൗ 2011 അവാർഡ്, പബ്ലിക് ലിബർട്ടീസ്& ഹ്യൂമൻ റൈറ്റ്സ് അവാർഡ്, അൽജസീറ ഇന്റർനാഷണൽ ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ 2011, ഇന്റർനാഷണൽ കാബൂൾ ഫിലിം ഫെസ്റ്റിവൽ (2009), ബെസ്റ്റ് ഡയറക്ടർ അവാർഡ് എന്നിവ അവയിൽ ചിലതുമാത്രം. ഇതിനെക്കാളെല്ലാം ഈ സിനിമ കാണികളുടെയുള്ളിൽ ഉതിർക്കുന്ന ലിംഗ സമത്വത്തെ കുറിക്കുന്ന ചില ചോദ്യങ്ങളാണ് സിനിമയുടെ മൂല്യം പൂർണ്ണമാക്കുന്നത്.

റോയ ഫിലിം ഹൗസ് നിർമ്മിച്ച ഈ സിനിമയുടെ ദൃശ്യഗാഢതയ്ക്കു മാറ്റുകൂട്ടുന്ന, പരിചരണത്തിലെ സത്യസന്ധതയ്ക്ക് ഉൾത്താങ്ങാവുന്ന തുടക്കത്തിലെയും ഒടുക്കത്തിലെയും വരികൾ സംവിധായിക അൽകാ സാദത്തിന്റെ സഹോദരി റോയ സാദത്തിന്റേതാണ്. വാക്കുകളുടെ കാവ്യാത്മക മൂർച്ച കൊണ്ടും ആലാപനത്തിലെ ശോകഛവിയുള്ള മാധുര്യം കൊണ്ടും സിനിമയോടൊപ്പം ഈ വരികൾ നമ്മുടെ ഉറക്കം വരെ വരും. നമ്മുടെ (സൈ്വര്യ) നിദ്രകളെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ഈ വരികൾ:

*ഞങ്ങളുടെ ജീവിതയോരത്തെ-*
*വസന്തകാലമെവിടെ...*
*ഞങ്ങളുടെ പ്രാർത്ഥനകളിലെ-*
*തേട്ടമെവിടെ...*
*മകളേ, നാളെ നീയും മുതിർ-*
*ഈയമ്മയുടെ ദുരിതക്കടൽ കാണാൻ*
*ചോദിക്ക്, നിന്റെ ശബ്ദം കവർന്നതാരെന്ന്*
*നീ ചോദിക്ക്, നിന്റെ ശബ്ദം കവർന്നതാരെന്ന്...*

# ടെക്നോളജി വേണം എന്നാൽ...

ലിമാ ഡെസ്ക്

## ടെലിവിഷനെക്കുറിച്ച് ജെറി മാൻഡർ പറഞ്ഞത് ഇന്നും പ്രസക്തം

*ടെലിവിഷൻ സൃഷ്ടിക്കുന്ന ദൂഷ്യഫലങ്ങൾ എണ്ണിപ്പറയുന്ന ഒരുപാട് പുസ്തകങ്ങൾ ലോകത്ത് ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ആന്റി ടെലിവിഷൻ ക്ലാസിക് എന്നറിയപ്പെടുന്നത് ടി.വിക്കെതിരെ നാലു ന്യായങ്ങൾ 'Four arguments for the elimination of television' എന്ന പുസ്തകമാണ്. 1978 ൽ പുറത്തിറക്കിയ പുസ്തകത്തിൽ ജെറി മാൻഡർ മുന്നോട്ടുവെയ്ക്കുന്ന ടെലിവിഷൻ വിമർശനങ്ങൾ ഈ കാലത്തും ഏറെ പ്രസക്തമാണ്. ഒരുപക്ഷേ ഈ കാലത്താണ് പുസ്തകം കൂടുതൽ പ്രസക്തം.*

*ജെറി മാൻഡറുടെ ചില നിരീക്ഷണങ്ങൾ:-*

*-നല്ലതിനോ ചീത്തതിനോ ഉപയോഗിക്കാവുന്ന നിഷ്പക്ഷമായ ഒരു സാങ്കേതികവിദ്യയാണ് ടെലിവിഷന്റേതെന്ന വാദം പൊള്ളയാണ്. ടി.വി എന്ന മാധ്യമമാണ്, ആ മാധ്യമവുമായുള്ള നമ്മുടെ ബന്ധമാണ്, അതിലൂടെ പ്രേഷണം ചെയ്യപ്പെടുന്ന പരിപാടികളേക്കാൾ അപകടം.*

*-ടി.വി നമ്മെ കൃത്രിമമായൊരു ലോകത്തേക്ക് നയിക്കുന്നു. പ്രാഥമിക അനുഭവങ്ങളുടെയും അനുഭൂതികളുടെയും ലോകത്തുനിന്നും നാം വെട്ടിമാറ്റപ്പെടുന്നു.*

*-ടി.വി കാണികളുടെ അനുഭവങ്ങളെ കോളനീകരിക്കുന്നു.*

*-ടി.വി കാണികളെ ശാരീരികവും മാനസികവുമായി ദുർബലരും വിധേയരുമാക്കുന്നു. പ്രതികരണമില്ലാത്ത വെറും കാണികളാവാനാണ് പ്രേക്ഷകരുടെ വിധി. ടി.വി പരസ്യങ്ങൾക്കും കേവലവിനോദങ്ങൾക്കുമാണ് ഉപയുക്തം. അതിന്റെ ഘടന തന്നെ ഗൗരവപൂർണ്ണമായ വിഷയസമീപനം അസാധ്യമാക്കുന്നു.*

*-ടി.വി യുടെ പ്രത്യശാസ്ത്രം അതിന്റെ സാങ്കേതികത തന്നെയാണ്.*

*കേരളത്തിന്റെ സാഹചര്യങ്ങളിൽ നോക്കിയാലും ചാനൽ ആധിക്യങ്ങളുടെ ഈ കാലത്ത് ജെറി മാൻഡറുടെ മേൽ നിരീക്ഷണങ്ങൾ ഇന്ന് കൂടുതൽ പ്രസക്തമാണ് എന്ന് കാണാൻ കഴിയും.*

### റേഡിയോ ജേണലിസ്റ്റും എഴുത്തുകാരനുമായ സ്കോട്ട് ലണ്ടൻ ജെറ് മാൻ്ലുമായി നടത്തിയ ഇൻ്റർവ്യൂവിൽ നിന്ന് പ്രസക്തഭാഗം:

***മെഗാടെക്നോളജി എന്ന പ്രയോഗം താങ്കൾ കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ടല്ലോ. എന്താണത്?***

ഒരു ടെക്നോളജി മറ്റൊരു ടെക്നോളജിക്ക് ജന്മം കൊടുക്കുകയും പുതിയ പുതിയ ടെക്നോളജികൾ നിലവിൽ വരികയും ചെയ്യുന്ന ഒരു കാലത്താണ് നാം. നിത്യം ഉപയോഗിക്കുന്ന കമ്പ്യൂട്ടറിന്റെ കാര്യമാണെങ്കിൽ അത് ഏതെല്ലാം ടെക്നോളജികളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ടെക്നോളജിയുടെ അതീവ ഇടപെടലുകൾ നമ്മുടെ ജീവിതത്തിൽ ഇന്ന് സംഭവിക്കുന്നു. ഒരു സാങ്കേതിക പരിസ്ഥിതിയിൽ അഥവാ ടെക്നോഫിയറിൽ ആണ് നാം ഓരോ ദിവസവും കഴിയുന്നത്.

***ടെക്നോളജി എപ്രകാരമാണ് സ്വാധീനിക്കുന്നത്?***


മറ്റു സൃഷ്ടികൾ പരിസ്ഥിതിയിൽ മറ്റ് പരസ്പരം ഇടപഴകുന്നതുപോലെ നമ്മൾ നമ്മുടെ ടെക്നോളജികളുമായാണ് ഇടപഴകുന്നത്. പ്രകൃതിയിൽ മറ്റു സൃഷ്ടികൾ പരസ്പരം ഇടപഴകുമ്പോൾ പരസ്പരം പ്രതികരിക്കുകയും അതിനനുസരിച്ച് സ്വയം പരുവപ്പെടുകയും ചെയ്യുന്നു. ആദ്യകാലങ്ങളിൽ മനുഷ്യരും ഇപ്രകാരമായിരുന്നു. എന്നാൽ ഇന്ന് നാം ഇടപഴകുന്നത് മുഖ്യമായും ടെക്നോളജികളുമായാണ്. നാം ടെക്നോളജിയുമായി വഴക്കത്തിലാവുന്നു, അവയുമായി പൊരുത്തപ്പെടുന്നു. ഉദാഹരണത്തിന് വീഡിയോ ഗെയിമിൽ ഏർപ്പെടുമ്പോൾ ക്രമേണ കണ്ണും കയ്യും ചേർന്ന് പ്രവർത്തിക്കാൻ ശീലിക്കും. എത്രത്തോളം വേഗത്തിൽ വീഡിയോയിൽ കളിക്കുന്നോ അത്ര കണ്ട് ഐ-ഹാൻഡ് കോർഡിനേഷൻ സംഭവിക്കുന്നു. നമ്മുടെ ചിന്തയും, അഭിരുചിയും ശരീരവും വരെ കമ്പ്യൂട്ടറിനൊത്ത് ട്യൂൺ ചെയ്യപ്പെടും. ഏത് ടെക്നോളജിയുടെ കാര്യത്തിലും ഇത് ശരിയാണ്. ടെലിവിഷൻ ഇമേജുകൾ സ്വാഭാവികമല്ല. കൃത്രിമമായി ചില ഉദ്ദേശങ്ങളോടെ നിർമ്മിക്കപ്പെട്ട ഇമേജുകൾ നമ്മെ ക്രമേണ സ്വാധീനിക്കും. ഏത് പരിസ്ഥിതിയിലാണോ നാം നിരന്തരം സമ്പർക്കപ്പെട്ടിരിക്കുന്നത് നാം ക്രമേണ അതിലായിത്തീരും. ടെലിവിഷൻ അതിന്റേതായ ഇമേജുകളിൽ നമ്മെ തളക്കുന്നു. അത് നമ്മുടെ മനസ്സിനെ പുനഃക്രമീകരിക്കുന്നു.

***പലരും കരുതുന്നതുപോലെ ഒരു ടെക്നോളജിയും നിഷ്പക്ഷമല്ല. എന്നും ടെക്നോളജിക്ക് അതിന്റേതായ വിശാലമായ സാമൂഹിക-രാഷ്ട്രീയമാനം ഉണ്ട് എന്നുമുള്ള താങ്കളുടെ വാദത്തെ വിശദമാക്കാമോ?***

ടെക്നോളജി മുഴുവൻ ഘടനയിലും ഇടപെടുന്നത് നാം മനസ്സിലാക്കണം. കമ്പ്യൂട്ടറും, ടെലിവിഷനും, വാഹനങ്ങളും ഒക്കെത്തന്നെ നമുക്ക് ഉപകാരപ്രദമാണ് എന്നു മാത്രമാണ് നാം കരുതുന്നത്. എന്നാൽ ഇവയ്ക്ക് പരിസ്ഥിതിയിൽ, ജീവിതത്തിന്റെ വേഗം കൂട്ടുന്നതിൽ, നമ്മുടെ ചിന്താരീതിയിൽ, പ്രകൃതിയോടുള്ള പ്രതികരണത്തിൽ...... എന്നിങ്ങനെ മൊത്തം ഘടനയിൽ ഏൽപിക്കപ്പെടുന്ന സ്വാധീനം നാം കാണാതിരുന്നുകൂടാ. ഇത് ഒന്ന് വിശദമാക്കാം. കാർ നല്ലതാണ് എന്നു നാം പറയുന്നത് അത് നമ്മെ വളരെ വേഗത്തിൽ യാത്രചെയ്യാൻ സഹായിക്കുന്നതുകൊണ്ടാണ്. എന്നാൽ മറുവശങ്ങളുമില്ലേ? കാർ ജീവിതത്തിന്റെ വേഗം കൂട്ടി. എണ്ണയ്ക്കു വേണ്ടിയുള്ള യുദ്ധത്തിനും അപകടമരണങ്ങൾക്കും മലിനീകരണ പ്രശ്നങ്ങൾക്കും കാർ കാരണമാകുന്നു. കാർ നല്ലതോ ചീത്തയോ എന്നാലോചിക്കുമ്പോൾ ഈ കാര്യങ്ങളൊക്കെ ചിന്തിക്കണം. ഇതുതന്നെയാണ് എല്ലാ ടെക്നോളജിയുടെയും കാര്യം.

ന്യൂക്ലിയർ പവറിന്റെയും സോളാർ

ടെലിവിഷൻ അതിന്റേതായ ഇമേജുകളിൽ നമ്മെ തളക്കുന്നു. അത് നമ്മുടെ മനസ്സിനെ പുന:ക്രമീകരിക്കുന്നു.



## ജെറി മാൻഡർ

*ജനനം 1936-ൽ. അമേരിക്കൻ ഇക്കണോമിക്സും സോഷ്യൽ ക്രിട്ടിക്കും. 1977-ൽ പുറത്തിറങ്ങിയ Four Arguments for the Elimination of Television എന്ന പുസ്തകത്തിന്റെ കർത്താവ് എന്ന നിലയിലാണ് കൂടുതൽ അറിയപ്പെടുന്നത്. ടെലിവിഷൻ സ്വാധീനത്തെ കുറിച്ചുള്ള ലോകത്തെ ക്ലാസിക് രചനയായി ഇത് വാഴ്ത്തപ്പെടുന്നു. മലയാളത്തിൽ കബനി പരിഭാഷപ്പെടുത്തിയത് 2001 ൽ വചനം ബുക്സ് പ്രസിദ്ധീകരിച്ചു. ആഗോളവൽക്കരണം, പാശ്ചാത്യ നാഗരികത എന്നിവയുടെ കടുത്ത വിമർശകനായ ജെറി മാൻഡർ സാങ്കേതിക വിദ്യയുടെ സൂക്ഷ്മ വിമർശകൻ എന്ന നിലയിലും അറിയപ്പെടുന്നു.*

പവറിന്റെയും താരതമ്യം നോക്കുക. രണ്ടിനും വ്യത്യസ്തമായ സ്വാധീനമാണ് ഉള്ളത്. ഒന്ന് കേന്ദ്രീകൃതവും ഹിംസാത്മകവുമാണെങ്കിൽ മറ്റേത് തികച്ചും വികേന്ദ്രീകൃതവും ദോഷഫലങ്ങളില്ലാത്തതുമാണ്. ന്യൂക്ലിയർ എനർജി ഉപയോഗിക്കുമ്പോൾ രണ്ടര ലക്ഷം വർഷം വരെ നീണ്ടു നിൽക്കുന്ന അപകട സാധ്യത എങ്ങനെ തരണം ചെയ്യുമെന്ന് ആർക്കുമറിയില്ല.

***കമ്പ്യൂട്ടർ സ്ഥാപനങ്ങളെയും സംരംഭങ്ങളെയും വികേന്ദ്രീകരിച്ചില്ലേ?***

ജനങ്ങൾക്ക് വിവരങ്ങൾ എഡിറ്റ് ചെയ്തും, പകർപ്പെടുത്തും, ഉപയോഗിച്ചും, പരസ്പരം ബന്ധപ്പെടാനും കമ്പ്യൂട്ടർ സഹായിച്ചു എന്നു പറയുമ്പോൾ തന്നെ കോർപറേറ്റുകൾക്കും, സർക്കാരുകൾക്കും, ഉദ്യോഗസ്ഥവിഭാഗത്തിനും മറ്റുമൊക്കെ അധികാരം കേന്ദ്രീകരിക്കാനും കമ്പ്യൂട്ടർ സാങ്കേതികത തന്നെയാണ് ഉപയോഗപ്പെട്ടത് എന്ന് ഓർക്കണം.

***70-80 വർഷം മുമ്പ് ഓട്ടോമൊബൈൽ വിപ്ലവത്തിന്റെ ഫലങ്ങളെക്കുറിച്ച് മുൻകൂട്ടി കണ്ടിരുന്നെങ്കിൽ ഇന്നത്തെ അമേരിക്ക മറ്റൊരു അമേരിക്കയാവുമായിരുന്നില്ലേ?***

1930 കളിൽ കുതിച്ചുയർന്ന അമേരിക്കയിലെ ഓട്ടോമൊബൈൽ വ്യവസായം പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ ബോധപൂർവ്വം തകർക്കുകയായിരുന്നു. ബേപാലത്തിലൂടെയുള്ള റെയിൽ റോഡുകൾ നശിപ്പിച്ച് പകരം തുറന്ന വഴികൾ നിർമ്മിച്ചു. ഇന്ന് ജനം കാറുകൾ കൊണ്ട് പൊറുതി മുട്ടിയിരിക്കുന്നു. വീണ്ടും ട്രെയിൻ പുന:സ്ഥാപിക്കാൻ പഠനം നടക്കുകയാണവിടെ.

***താങ്കൾക്ക് കമ്പ്യൂട്ടർ ഉണ്ടോ?***

ഞാൻ കമ്പ്യൂട്ടർ ഉപയോഗിക്കാറില്ല. എന്നാൽ എഴുത്തുകാരൻ എന്ന നിലയിൽ ലേഖനങ്ങൾ ടൈപ്പ് ചെയ്തു പ്രസാധകർക്ക് എത്തിക്കേണ്ടതുണ്ട്. അതിനാൽ കാറിൽ കമ്പ്യൂട്ടർ ഉണ്ട്. ഞാൻ വർക്ക് ചെയ്യുന്ന ഓഫീസിലുമുണ്ട് കമ്പ്യൂട്ടർ.

***'ടെലിവിഷനെതിരെ നാല് ന്യായങ്ങൾ' എന്ന പുസ്തകമെഴുതിയ ആളാണ്. പക്ഷേ വീട്ടിൽ ടെലിവിഷൻ ഉണ്ടെന്നും പറയുന്നു?***

ഇപ്പോൾ സംസാരിക്കുമ്പോൾ ഞാൻ മൈക്രോഫോൺ ഉപയോഗിക്കുന്നു. വിമാനത്തിൽ യാത്ര ചെയ്യുന്നു. വീട്ടിൽ ലൈറ്റുണ്ട്. മെഷീൻ നിർമ്മിത ഷൂവാണ് ധരിക്കുന്നത്. ടെക്നോളജിയുമായി ബന്ധം പുലർത്തുമ്പോൾ അത് എന്താണ് പ്രധാനം, എന്താണ് അപ്രധാനം എന്ന നമ്മുടെ നിലപാടിനെ വെളിപ്പെടുത്തുന്നു എന്നതാണ് പ്രധാനപ്പെട്ട കാര്യം. നമ്മുടെ സമീപനമാണ് കാര്യം.

ടെലിവിഷനുമായി ഞാൻ ബന്ധം പുലർത്താറില്ല. ഞാൻ ടെലിവിഷനിൽ പ്രത്യക്ഷപ്പെടാറില്ല. (നിരവധി തവണ ടെലിവിഷൻ ഇന്റർവ്യൂയിലും ടോക്ഷോയിലും പങ്കെടുക്കാൻ ക്ഷണം കിട്ടിയെങ്കിലും ജെറി മാൻഡർ നിഷേധിക്കുകയായിരുന്നു.)

***ഈ റേഡിയോ ഇന്റർവ്യൂവോ?***

ഞാൻ റേഡിയോയിൽ സഹകരിക്കും. റേഡിയോയിൽ ചില ഗുണങ്ങളുണ്ട്. ഇത് വളരെ ചിലവു കുറഞ്ഞതാണ്. ഇത് കേന്ദ്രീകൃതമല്ല. ഇത് പ്രേക്ഷകരുടെ ഭാവനാശേഷിയെ ശക്തിപ്പെടുത്തുന്നു. എന്നാൽ ഒരു ബഹുജന മാധ്യമം എന്ന നിലയിൽ റേഡിയോയ്ക്കും പ്രശ്നങ്ങളുണ്ട്.

*930 കളിൽ കുതിച്ചുയർന്ന അമേരിക്കയിലെ ഓട്ടോമൊബൈൽ വ്യവസായം പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ ബോധപൂർവ്വം തകർക്കുകയായിരുന്നു. ബേപാലത്തിലൂടെയുള്ള റെയിൽ റോഡുകൾ നശിപ്പിച്ച് പകരം തുറന്ന വഴികൾ നിർമ്മിച്ചു. ഇന്ന് ജനം കാറുകൾ കൊണ്ട് പൊറുതി മുട്ടിയിരിക്കുന്നു. വീണ്ടും ട്രെയിൻ പുന:സ്ഥാപിക്കാൻ പഠനം നടക്കുകയാണവിടെ.*

*നല്ലതിനോ ചീത്തതിനോ ഉപയോഗിക്കാവുന്ന നിഷ്പക്ഷമായ ഒരു സാങ്കേതികവിദ്യയാണ് ടെലിവിഷന്റേതെന്ന വാദം പൊള്ളയാണ്. ടി.വി എന്ന മാധ്യമമാണ്, ആ മാധ്യമവുമായുള്ള നമ്മുടെ ബന്ധമാണ്, അതിലൂടെ പ്രേഷണം ചെയ്യപ്പെടുന്ന പരിപാടികളേക്കാൾ അപകടം*



# സൗജന്യ വിവരകേന്ദ്രങ്ങൾ

**ലിമാ ന്യൂസ്**

സൗജന്യമായി ഗവേഷണ പ്രധാനമായ വിവരങ്ങൾ നൽകുന്ന സൗജന്യ വിവര കേന്ദ്രങ്ങൾ (Open Access Sites) ഇന്റർനെറ്റിൽ ഇപ്പോൾ ധാരാള മുണ്ട്. ഫ്രീ സോഫ്റ്റ്‌വെയർ പ്രസ്ഥാനം പോലെ ഇന്റർനെറ്റിലൂടെയുള്ള സൗജന്യ വിവര ലഭ്യതയും ഒരു പ്രസ്ഥാനമായി വളർന്നിരിക്കുന്നു.

വിവിധ വിഷയങ്ങളിൽ ഉള്ള ഗവേഷണ ഫലങ്ങളും പ്രബന്ധങ്ങളും ഗവേഷകർക്കും ശാസ്ത്രജ്ഞൻമാർക്കും ഇന്റർനെറ്റിലൂടെ യാതൊരു തട സ്സവുമില്ലാതെ ലഭ്യമാക്കണമെന്നാണ് സൗജന്യ വിഭവകേന്ദ്രങ്ങളുടെ വക്താക്കൾ വാദിക്കുന്നത്. അവർ ഉന്നയിക്കുന്ന വാദങ്ങൾ ഇവയാണ്.

നിലവിലുള്ള വിജ്ഞാനത്തിൽ നിന്നാണ് പുതിയ ആശയങ്ങളും തത്വ ങ്ങളും കണ്ടുപിടിത്തങ്ങളും ഉടലെടുക്കുന്നത്. അതിനാൽ ഗവേഷണങ്ങ ളിലേർപ്പെട്ടിരിക്കുന്നവർക്ക് സൗജന്യമായി വിവരങ്ങൾ ലഭ്യമാക്കണം.

ഗവേഷണ പ്രധാനമായ ആനുകാലികങ്ങളുടെ വില 200 ശതമാനത്തില ധികം വർദ്ധിച്ചു. വിലക്കയറ്റം കാരണം ഗ്രന്ഥശാലകൾക്കുപോലും ജേർണ ലുകൾ വാങ്ങാൻ കഴിയാതാകുന്നു. പകർപ്പവകാശത്തിന്റെ പേരിൽ പല ഗവേഷണ ഫലങ്ങളും ഇന്ന് സൗജന്യമായി ലഭ്യമല്ലാതായിരിക്കുന്നു.

ഗവേഷണ പ്രാധാന്യമുള്ള പ്രബന്ധങ്ങളും മറ്റും സൗജന്യമായി ലഭി ക്കുന്ന പക്ഷം, അവ കൂടുതൽ ഗവേഷകരിൽ അനായാസം എത്തുകയും പുതിയ ഗവേഷണങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും വഴിതെളിക്കും.

ഗവേഷണ ഫലങ്ങൾ സ്വതന്ത്രമായും സൗജന്യമായും ലഭ്യമാക്കിയെ ങ്കിൽ മാത്രമേ നിലവിലുള്ള ഗവേഷണ ശ്രമങ്ങൾ/ഫലങ്ങൾ വിലയിരു ത്താനാവുകയും ഗവേഷണങ്ങൾ നടക്കാത്ത മേഖലകൾ ഏതെന്ന് കണ്ടു പിടിക്കാനും കഴിയൂ.

ഗവേഷണങ്ങളെ ആസ്പദമാക്കി ജേർണലുകളിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങൾക്ക് പ്രസാധകർ പ്രതിഫലം നൽകാറില്ല. ലേഖന കർത്താക്ക ളായ ഗവേഷകർക്ക് പ്രതിഫലം നൽകാത്തപ്പോൾ അവരുടെ ഗവേഷണ ഫലങ്ങൾ മറ്റുള്ളവർക്കും സൗജന്യമായി ലഭ്യമാക്കിക്കൂടേ??

മേൽപറഞ്ഞ വാദങ്ങൾ ഉന്നയിച്ച് 2001 ൽ രൂപമെടുത്ത സൗജന്യ വിവര ലഭ്യതാ പ്രസ്ഥാനം ഇന്നും പക്ഷേ അത്രകണ്ട് സർവ്വസ്വീകാര്യമായിട്ടില്ല.

ചില സൗജന്യ വിവര ലഭ്യതാ കേന്ദ്രങ്ങൾ ഇതാ.

**ആർക്സൈവ്**

ഊർജ്ജതന്ത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ജേർണൽ ലേഖനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന കോർണൽ സർവ്വകലാശാല (Cornell University)തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ ലേഖന സമാഹാരമാണിത്. 'www.arxive.org എന്ന കേന്ദ്രത്തിൽ നിന്നും ആർക്കും സൗജന്യമായി വിവരങ്ങൾ ലഭിക്കും.

**അമേരിക്കയിലെ ആരോഗ്യസ്ഥാപനം**

അമേരിക്കയിലെ ദേശീയ ആരോഗ്യസ്ഥാപനം 28 ബില്യൻ ഡോളർ മുടക്കി ലോകത്താകമാനമുള്ള 3000 സ്ഥാപനങ്ങളിലായി 50,000 ഗവേഷ ണങ്ങളുടെ ഫലമായുണ്ടാകുന്ന പ്രസിദ്ധീകരണങ്ങൾ എല്ലാം തന്നെ www.nih.govt എന്ന സൈറ്റിൽ ലഭ്യമാണ്. മറ്റു ചില വെബ്സൈറ്റുകൾ:

www.arl.org/sparc/
www.doaj.org/
www.plos.org/
www.opendoar.org/
www.jstor.org/


സൗജന്യ വിവരസേവനം ഒരു പ്രസ്ഥാനമെന്ന നിലയിൽ 2001 ൽ ബുഡാ പ്പെസ്റ്റ് എന്ന സ്ഥലത്തുവെച്ചാണ് ആരംഭിച്ചത്. ബുഡാപ്പെസ്റ്റ് ഓപ്പൺ ആക്സസ് ഇനിഷ്യേറ്റീവ് (Budapest Open Access Initiative) എന്നാ ണറിയപ്പെടുന്നത്. ഇവർക്ക് സ്വന്തമായി സൗജന്യവിവരങ്ങളെ പറ്റി മാർഗ നിർദേശം നൽകാൻ ഒരു വെബ്സൈറ്റുമുണ്ട്. ധാരാളം സൗജന്യ വിവര ങ്ങളും ഗൈഡുകളും ഇവിടെ നിന്നും ലഭിക്കും.

**അവലംബം:- കെ. രവീന്ദ്രൻ രചിച്ച വിവരശേഖരണം ഇന്റർനെറ്റിൽ എന്ന പുസ്തകം (ഡി.സി.ബുക്സ്)**

# ചുരങ്ങൾ

**പാർവ്വതി**


മടക്കിച്ചുരുട്ടിവെച്ച ഒരു പാതയാണ് ചുരങ്ങൾ ഓരോന്നും. കാട്ടിന്നക ത്തേക്ക് കയറിച്ചെല്ലുന്ന നടവഴി. ഇരുട്ടിന്റെയും പ്രകാശത്തിന്റെയും ദേശം. വായുവിൽ നിറഞ്ഞ് ശ്വാസ കോശം വരെയെത്തുന്ന ഹരിതക ത്തിന്റെ തണുത്ത നിമിഷങ്ങൾ. അതിന്റെ ഓരോ ഞരമ്പിലും സ്പർശിച്ചുകൊണ്ട്, ഓരോ ഇല യേയും നോക്കിക്കൊണ്ട് ഓരോ മൺതരിയേയും ചവുട്ടിക്കൊണ്ട് മാത്രമേ നടന്ന് തീരുന്നുള്ളൂ ആ വഴി. ഉയരത്തെയോ ആഴത്തെയോ കുറിച്ച് നമ്മൾ ഉണ്ടാക്കിവെച്ച ധാര ണകളെല്ലാം അപ്രതീക്ഷിതമാ യൊരു കയറ്റിറക്കത്താൽ കുത്തനെ നിൽക്കും ശിലാരൂപങ്ങ ളാൽ തട്ടിമറിച്ചിടുന്നു. വളർന്ന പുല്ലുകൾ, വള്ളിചുറ്റും മരങ്ങൾ, പാറകൾ, ചോല, റോഡു മുറിച്ചു പായും ജീവനുകൾ, അരിച്ചുവീഴു മിരുട്ട്, നിശ്ശബ്ദമെന്നു പറയാവുന്ന ശബ്ദത്തിന്റെ ഓരങ്ങൾ. വളഞ്ഞു തിരിഞ്ഞു നമ്മൾ ഭാഷയിലെഴു തിയ ഒരു ലിപി തന്നെ ആയി മാറു ന്നു. കഴുകിത്തെളിഞ്ഞ ഒരുടലും ആത്മാവും മുറുക്കെപ്പിടിച്ച് നമ്മൾ നെറുകയിൽ നിന്നും താഴേക്കോ, താഴെ നിന്നും ശിരസ്സിലേക്കോ ഭൂമി യിലൂടെ നടക്കുന്നു. ഒന്നുമെടു ക്കാതെ ഒരു നടത്തം മാത്രമായിത്തീ രുന്നു. വഴിതന്നെയായിത്തീരുന്നു. അതിന്നപ്പുറം ചുരത്തിൽ മറ്റെ ന്താണ് നമ്മെ കാത്തിരിപ്പുള്ളത്?



# ഇനി നമുക്ക് റേഡിയോ കേൾക്കാം

അബ്ദുള്ളക്കുട്ടി എടവണ്ണ

*റേഡിയോ ശ്രോതാക്കൾ ചേർന്ന ക്ലബ്ബുകൾ ഉണ്ടാക്കി പരസ്പര ബന്ധം പുലർത്തുകയും അനുഭവങ്ങൾ കൈമാറുകയും ചെയ്യുന്നുണ്ട്. ചില ക്ലബ്ബുകൾ ഈ ഹോബി പ്രോത്സാഹിപ്പിക്കാൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.*



റേഡിയോ ശ്രവിക്കൽ രസകരമായ ഒരു ഹോബി കൂടിയാണ്. റേഡിയോ തരംഗങ്ങളെ കാതുകളിലൂടെ സ്വാംശീകരിച്ച് ഹൃദയത്തിലേറ്റുന്നവർ ലോക രാഷ്ട്രങ്ങളിലെ റേഡിയോ നിലയങ്ങളിലേക്ക് കത്തുകളെഴുതിയും റേഡിയോ ക്ലബ്ബുകളിൽ അംഗത്വം നേടിയും റേഡിയോ നിലയങ്ങൾ സൗജന്യമായി നൽകുന്ന ആകർഷകങ്ങളായ സമ്മാനങ്ങൾ സമാഹരിച്ചും ഈ ഹോബിയെ പ്രണയിക്കുന്നു.

D-Xing (ഡി.എക്സിംഗ്) എന്ന് വിളിക്കുന്ന ഈ ഹോബി ഗൗരവമായി എടുത്തവർ നിരവധിയുണ്ട്. DX എന്നാൽ Distance എന്നതിന്റെ ചുരുക്കരൂപമാണ്.

റേഡിയോയിലെ SW സ്റ്റേഷനുകളുടെ പരിപാടികൾ ഗൗരവമായി ശ്രദ്ധിക്കുന്ന ഒരു ശാസ്ത്രീയ വിനോദമാണ് D-Xing അന്താരാഷ്ട്ര വാർത്തകൾ അറിയാനും വിവിധ രാജ്യങ്ങളിലെ സംസ്കാരം, ആചാരം എന്നിവ മനസ്സിലാക്കാനും വിവിധ ദേശങ്ങളിലെ കലയും സംഗീതവും ആസ്വദിക്കാനും ഭാഷകൾ പഠിക്കാനും ഈ ഹോബി സഹായിക്കുന്നു. സാർവ്വദേശീയ ആശയവിനിമയത്തിനും ഏകതയും ലോക സമാധാനവും വളർത്താനും ഇത് സഹായകമാവുന്നുണ്ട്.

*ഹോബി ഫലപ്രദമാക്കാൻ ചില മാർഗ്ഗങ്ങൾ*

വെറുതെ SW ബാൻഡിൽ റേഡിയോ പരിപാടികൾ കേൾക്കുന്നതിനപ്പുറം ഈ ഹോബി കൂടുതൽ രസകരമായും വിജ്ഞാനപ്രദവുമാക്കി മാറ്റാൻ ചില വഴികളുണ്ട്. ആദ്യം ചെയ്യേണ്ടത് വിവിധ രാജ്യങ്ങളുടെ റേഡിയോ സ്റ്റേഷനുകൾ പ്രസിദ്ധീകരിക്കുന്ന പരിപാടികളുടെ ചാർട്ട് (Programe Guide) സംഘടിപ്പിക്കുകയെന്നതാണ്. റേഡിയോ സ്റ്റേഷനുകളിലേക്ക് കത്തെഴുതി ചോദിച്ചാൽ (ഇംഗ്ലീഷിൽ) സൗജന്യമായി അവർ അയച്ചുതരും. മിക്കവാറും പ്രമുഖ റേഡിയോ സ്റ്റേഷനുകൾക്ക് ഇന്ത്യൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തിരി സമയം പിടിക്കുമെങ്കിലും തപാൽ ചാർജ്ജ് ലാഭിക്കാം. ഇ-മെയിൽ സൗകര്യവുമുണ്ട്. B.B.Cയും V.O.A യും റേഡിയോ ജപ്പാനുമെല്ലാം ബഹുവർണ്ണ പ്രോഗ്രാം ചാർട്ടും ചിലപ്പോൾ ചെറിയ ഉപഹാരങ്ങളും അയച്ചുതരും. പ്രോഗ്രാം ചാർട്ടിൽ നിന്ന് പരിപാടികളുടെ വിശദവിവരങ്ങൾ നോക്കി റേഡിയോ ട്യൂൺ ചെയ്ത് കേട്ടു തുടങ്ങാം. സ്വയം ട്യൂൺ ചെയ്ത് സ്റ്റേഷനുകൾ കണ്ടെത്തുകയുമാവാം.

ഇനി നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ ഡയറിയിൽ കേൾക്കുന്ന പരിപാടിയെ കുറിച്ചുള്ള വിവരങ്ങൾ കുറിച്ചിടുകയാണ്. ഇതിന് log ചെയ്യുക എന്നാണ് പറയുക. നിങ്ങളുടെ ഡയറി log book ആയി മാറുന്നു. പരിപാടികളെ കുറിച്ചുള്ള വിവരങ്ങൾ എന്നു പറയുമ്പോൾ ഇതൊക്കെയാണ്. തിയ്യതി, സമയം, മീറ്റർ ബാൻഡ് (ഫ്രീക്വൻസി) സ്റ്റേഷന്റെ പേര്, പ്രോഗ്രാം എന്തിനെ കുറിച്ചായിരുന്നുവെന്ന് രണ്ട് വാക്ക്, സ്റ്റേഷന്റെ പ്രക്ഷേപണം (Signal) എത്രമാത്രം ശക്തമായിരുന്നു. മറ്റുവല്ല ശബ്ദശല്യങ്ങളും ഉണ്ടായിരുന്നോ, ആകപ്പാടെ ആ സ്റ്റേഷൻ കേൾക്കാൻ സുഖമായിരുന്നോ, (Overall Merit) തുടങ്ങിയ കാര്യങ്ങൾ ആണ് കുറിച്ചിടേണ്ടത്.


log book നോക്കി സൗകര്യം പോലെ റേഡിയോ സ്റ്റേഷനിലേക്ക് റിസപ്ഷൻ റിപ്പോർട്ട് (Reception Report)തയ്യാറാക്കി അയക്കണം. റിസപ്ഷൻ റിപ്പോർട്ട് അയക്കാൻ നിർദ്ദിഷ്ട മാതൃക സ്വീകരിക്കാം. റിപ്പോർട്ടിൽ നിങ്ങളുടെ റേഡിയോവിന്റെ മോഡൽ നമ്പറും, ഡിജിറ്റൽ ആണോ അനലോഗ് ആണോ എന്ന വിവരവും (ഡിജിറ്റൽ ഫ്രീക്വൻസി റീഡൗട്ട് ഉള്ള റേഡിയോ ആണ് ഡിജിറ്റൽ റേഡിയോ, ഡയൽ ആന്റ് നീഡൽ ഉള്ള റേഡിയോ ആണ് അനലോഗ് റേഡിയോ). പ്രോഗ്രാം കേൾക്കുന്ന സമയത്ത് നിങ്ങൾ ഏതു തരം ഏരിയൽ (Antina) ആണ് ഉപയോഗിച്ചിരുന്നത് എന്ന (റേഡിയോയിൽ തന്നെയുള്ള Built-in-whip ആണോ അതോ External Wire Antina ആണോ) വിവരങ്ങളും ഉൾപ്പെടുത്തണം. അവസാനം നിങ്ങളെഴുതുന്ന റിസെപ്ഷൻ റിപ്പോർട്ട് ശരിയാണെങ്കിൽ ആയതിന് ഒരു വെരിഫിക്കേഷൻ കാർഡ് (Q.S.L. Card) അയച്ചുതരണമെന്നുള്ള അപേക്ഷയും കാണിക്കുക. Q.S.L. Card കിട്ടുന്നതോടെ നിങ്ങളും റേഡിയോ സ്റ്റേഷനും തമ്മിലുള്ള ദൃഢമായ സുഹൃദ്ബന്ധം തുടങ്ങുകയായി.

റേഡിയോ ശ്രോതാക്കൾ ചേർന്ന ക്ലബ്ബുകൾ ഉണ്ടാക്കി പരസ്പര ബന്ധം പുലർത്തുകയും അനുഭവങ്ങൾ കൈമാറുകയും ചെയ്യുന്നുണ്ട്. ചില ക്ലബ്ബുകൾ ഈ ഹോബി പ്രോത്സാഹിപ്പിക്കാൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

ഏതാനും റേഡിയോ സ്റ്റേഷൻ-ഇന്ത്യൻ വിലാസങ്ങൾ

പോസ്റ്റ് കാർഡിൽ ഇംഗ്ലീഷിൽ പ്രോഗ്രാം ഷെഡ്യൂൾ ആവശ്യപ്പെട്ട് എഴുതാം.

1) Radio Netherlands, P.O. Box-5257, Chanakyapuri, New Delhi - 110 021
2) Deutsche Welle, Voice of Germany, P.O. Box 5211, Chanakyapuri, New Delhi -110 021
3) BBC World Service, P.O. Box 3035, New Delhi- 110 003
4) Voice of America, P.O. Box 564, New Delhi 110 021
5) Radio Japan, NHK, New Delhi Bureau, 6th Floor, Meridian Commercial Complex, 8 windsor place, Janpath, New Delhi - 110 001
6) Radio Romania International, C/o Embassy of Romania, A-52, Vasant Marg, Vasant Vihar, New Delhi - 110




# ഇങ്ങനെയും ചില ടോയ്‌ലറ്റ് പ്രശ്നങ്ങൾ...!

**ഹാരിസ് നെൻമേനി**

*വികസനത്തിനും ശുചിത്വത്തിനും പേരുകേട്ട കേരളമാവട്ടെ, സൗന്ദര്യ നഗരമായ ആഗ്രയാവട്ടെ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും അവസ്ഥ എല്ലായിടത്തും ഒരുപോലെത്തന്നെയെന്ന തിരിച്ചറിവ് നൽകുന്ന ചില അനുഭവങ്ങൾ..*

ചില നിർഭാഗ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ ചിലപ്പോഴെല്ലാം നമ്മുടെ സൗഭാഗ്യങ്ങളെക്കുറിച്ച് ആലോചിക്കാൻ പ്രേരിപ്പിക്കും.ഒന്ന് മലവിസർജ്ജനം ചെയ്യണമെങ്കിൽ നേരം ഇരുട്ടി കടപ്പുറം വിജനമാവുംവരെ കാത്തിരിക്കേണ്ടി വരിക, അല്ലെങ്കിൽ അവസാനത്തെ ട്രെയിനും പോയിക്കഴിഞ്ഞ് പാളം തനിച്ചു കിടക്കുന്നതുവരെ സഹനം ശീലമാക്കുക. അങ്ങനെയൊരവസ്ഥയെക്കുറിച്ച് ആലോചിക്കേണ്ടി വന്നിട്ടുണ്ടോ എപ്പോഴെങ്കിലും..?

എന്നാൽ അത്തരത്തിൽ ദുരിതം പേറുന്ന എത്രയോ പേർ നമ്മുടെ ചുറ്റുപാടിലുമുണ്ട്. ശുചിത്വത്തെക്കുറിച്ച് ഏറെയഹങ്കരിക്കുന്ന നമ്മുടെ കേരളത്തിലുണ്ട്, രാജ്യത്തിന്റെ ഇതരഭാഗങ്ങളിലുണ്ട്.

നാലഞ്ചുവർഷങ്ങൾക്കു മുമ്പാണ്. കേരളത്തിന്റെ തീരദേശത്തെയൊരു പഞ്ചായത്തിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഒരു പഠനപരിപാടിയിലായിരുന്നു ഞങ്ങൾ. ആദ്യം കണ്ടത് പഞ്ചായത്തു പ്രസിഡന്റിനെത്തന്നെ. കഴിഞ്ഞ ടേമിലും മെമ്പറായിരുന്ന അവർ ശുചിത്വ മേഖലയിൽ പഞ്ചായത്തു കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ആവേശപൂർവ്വം സംസാരിച്ചു. പ്രസിഡന്റിന്റെ കസേരയ്ക്കു പിന്നിലെ ചില്ലലമാരയിൽ സമ്പൂർണ്ണ ശുചിത്വത്തിനടക്കം നേടിയ പുരസ്കാരങ്ങൾ ശിരസ്സുയർത്തി നിരന്നിരിക്കുന്നു. സംഭാഷണത്തിനൊടുവിൽ പഞ്ചായത്തിലെ മൂന്നിൽ രണ്ടുഭാഗം പേരും താമസിക്കുന്ന കടപ്പുറം മേഖലയിലേക്ക് വഴി പറഞ്ഞുതന്നതും അവർ തന്നെയാണ്.കടപ്പുറത്ത് ഒരു സംഘം സ്ത്രീകളുമായുള്ള മീറ്റിംഗാണ് ആദ്യം സാധ്യമായത്. പൊതു ആരോഗ്യാവസ്ഥയെക്കുറിച്ചുള്ള ആമുഖ ചോദ്യങ്ങൾക്കുശേഷം ടോയ്‌ലറ്റ് സൗകര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളിലേക്ക് സംഭാഷണം നീണ്ടു.

കക്കൂസോ...?!

സ്ത്രീകളെല്ലാം കൂടി ഒന്നിച്ച് ചിരിച്ചു. വിശാലമായ കടപ്പുറം ഇങ്ങനെ പരന്നുകിടക്കുമ്പോൾ എന്തിനാ കക്കൂസ്..?ഞങ്ങളുടെ മുഖത്തെ അത്ഭുതം വായിച്ചിട്ടാവണം കൂട്ടത്തിൽ കുറച്ച് ചെറുപ്പക്കാരിയായ ഒരു സ്ത്രീ പറഞ്ഞു. സൂര്യനുദിക്കുംമുമ്പ് അതൊക്കെ ഞങ്ങൾ തീർത്തിരിക്കും. അപ്പോൾ പകലും, നേരം തെറ്റിച്ചുമൊക്കെ ആവശ്യം വന്നാലോ? തെല്ലൊരു ഗവേഷണബുദ്ധിയോടെ സഹപ്രവർത്തക ഒരു ചോദ്യം ചോദിച്ചു. സ്ത്രീകൾ കുറച്ചുനേരം നിശ്ശബ്ദരായി. എന്റെ സാന്നിധ്യത്തിൽ ഉത്തരം പറയാൻ അവർ മടിക്കുന്നുവെന്ന് തോന്നിയപ്പോൾ ഞാൻ പുറത്തിറങ്ങാമെന്നുവെച്ചു.അപ്പോഴാണ് ഞങ്ങളെ ശരിക്കും സ്തബ്ധരാക്കിക്കളഞ്ഞ മറുപടി കൂട്ടത്തിലൊരു സ്ത്രീ പറഞ്ഞത്. അരിയും സാധനങ്ങളും പൊതിഞ്ഞുവരുന്ന കവറുകൾ എമ്പാടുമുണ്ടല്ലോ വീടിനകത്ത്. അതിൽ ആവശ്യം സാധിക്കും. പിന്നെ വൈകുന്നേരം ഇരുട്ടാവുമ്പോൾ എടുത്ത് കടലിൽ കളയും.

ചോദ്യങ്ങളെല്ലാം തീർന്ന് തോറ്റുപോയതുപോലെയായി ഞങ്ങൾ! കൂടുതലന്വേഷിച്ചപ്പോഴാണ് അറിയുന്നത്. ഒട്ടുമിക്ക കുടുംബങ്ങൾക്കും വീടിനും കക്കൂസിനുമൊക്കെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട് ഗ്രാമപഞ്ചായത്ത്. ഏതാണ്ടെല്ലാവരും അത് നിർമ്മിക്കുകയും ചെയ്തിട്ടുമുണ്ട്. പക്ഷേ പകുതിയോളം പേരും കക്കൂസ് ഉപയോഗിക്കുന്നില്ല. കടപ്പുറത്തെ ഉയർന്ന ജലനിരപ്പ് മൂലം കുഴികൾ ഓരുവെള്ളം വന്ന് നിറയുകയും ഉപയോഗശൂന്യമാവുകയും ചെയ്യുന്നതാണ് കാരണം. കുടിവെള്ളാവശ്യത്തിനുള്ള അപൂർവ്വം കിണറുകളെക്കൂടി കക്കൂസ് കുഴികൾ മലിനമാക്കാനാരംഭിച്ചതോടെ കക്കൂസുകളെ പൂർണ്ണമായിത്തന്നെ ഇവർ ഉപേക്ഷിച്ചു.

കക്കൂസിനായി വീടിനോട് ചേർന്നു നിർമ്മിച്ച മുറികൾ മീൻവലയും ഡീസൽ എഞ്ചിന്റെ സ്പെയർ പാർട്സുമൊക്കെ സൂക്ഷിക്കുന്ന സ്ഥലമാക്കി മാറ്റി. ഇങ്ങനെ ആയിരങ്ങൾ ചിലവിട്ട് നിർമ്മിച്ച എത്രയോ സൂക്ഷിപ്പിടങ്ങൾ!! പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പ്രാദേശിക അനുയോജ്യത കണക്കിലെടുക്കാതെയുള്ള ബ്ലൂ പ്രിന്റ് മാതൃകയിലുള്ള ആസൂത്രണം മൂലം വകയിരുത്തുന്ന പണത്തിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോവുന്നതിന്റെ അസംഖ്യം ഉദാഹരണങ്ങളിൽ ഒന്നാണ് മേൽ വിവരിച്ചത്. ഏത് ഭൂപ്രദേശത്തിനും അനുയോജ്യമായ ടോയ്‌ലറ്റ് സംവിധാനങ്ങൾ ഇന്ന് വികസിച്ചുകഴിഞ്ഞിട്ടുണ്ട്. പക്ഷേ വീടും കക്കൂസുമെല്ലാം നിർമ്മിക്കുന്നതിനുള്ള ആസൂത്രണം നടത്തുകയും ധനം വകയിരുത്തുകയും ചെയ്യുമ്പോൾ തദ്ദേശീയാനുയോജ്യത കണക്കിലെടുക്കാതെ പോവുന്നതിനാൽ തുകയുടെ എണ്ണപ്പെരുക്കങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിരേഖകളിൽ തന്നെ വിശ്രമിക്കുന്നു.

ഈ അനുഭവത്തെ അനുസ്മരിപ്പിക്കുന്ന മറ്റൊരു അനുഭവം ഈയിടെ വീണ്ടുമുണ്ടായി; വടക്കോട്ട് യാത്ര ചെയ്തപ്പോൾ. ആഗ്രയിൽ നിന്ന് ഉദയ്പൂരിലേക്കുള്ള യാത്രാമദ്ധ്യേ. ആഗ്ര കെന്റ് സ്റ്റേഷൻ വിട്ട് ഏറെ ദൂരം പിന്നിട്ടിട്ടില്ല വണ്ടി. നേരം ഇരുട്ടായിത്തുടങ്ങുന്നു. ഒരു പത്തിരുപതോളം സ്ത്രീകൾ വെള്ളപ്പാത്രങ്ങളുമായി പാളത്തിനരികിൽ കാത്തു നിൽക്കുകയാണ്. ട്രെയിൻ കടന്നു പോയശേഷം അടുത്ത ട്രെയിൻ വരുന്നതിനുമുമ്പുള്ള ഇടവേളയിൽ വേണം റെയിൽവേ ട്രാക്ക് കക്കൂസാക്കി അവർക്ക് കാര്യം സാധിച്ചെടുക്കാൻ. പകലവസാനിക്കുന്ന, ഇരുട്ട് കനക്കുന്നതിനുമുമ്പുള്ള ഇടവേളയാണ് അതിനുള്ള സമയം.ട്രെയിൻ അവിടം വിട്ടുപോയിട്ടും ഈ രംഗം മനസ്സിൽത്തന്നെ നിന്നു. ഒപ്പം ഒരുപാട് ആലോചനകളും.

ലോകത്തിനു മുമ്പിൽ ഇന്ത്യയുടെ സൗന്ദര്യമുഖമായി ഉയർന്നു നിൽക്കുന്ന താജ്മഹലിൽ നിന്നും നോക്കിയാൽ കാണുന്ന ദൂരത്തിലാണ് തികച്ചും വിഭിന്നമായ ഈ കാഴ്ച. ചേരികളുടെ നവീകരണത്തിനും സാനിട്ടേഷനും, നഗര ശുചീകരണത്തിനുമായി കോടികളുടെ പ്രോജക്ടുകൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഇതെന്ന് ഓർക്കണം.

വികസനത്തിനും ശുചിത്വത്തിനും പേരുകേട്ട കേരളമാവട്ടെ, സൗന്ദര്യ നഗരമായ ആഗ്രയാവട്ടെ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും അവസ്ഥ എല്ലായിടത്തും ഒരുപോലെത്തന്നെയെന്ന തിരിച്ചറിവ് നൽകുന്ന അനുഭവങ്ങളായിരുന്നു ഇത് രണ്ടും.

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ



# ചെറിയ വലിയകഥകൾ

അക്കു

> ***സെൻകഥകളെന്ന് പൊതുവെ അറിയപ്പെടുന്ന കുഞ്ഞുകഥകൾ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും മനസ്സിന് ധ്യാനാനുഭവം നൽകി ശുദ്ധീകരിക്കുകയും ചെയ്യുന്ന ഔഷധത്തുള്ളികളാണ്. ആഴമേറിയ ജ്ഞാനമുത്തുകൾ ഘനീഭവിച്ചുണ്ടാകുന്ന മഞ്ഞുതുള്ളികൾ പോലെയാണിവ...***

വളരെ ഊർജ്ജസ്വലമായി പോകുന്നതിനിടയിൽ ചിലപ്പോൾ നിങ്ങൾ ആശയക്കുഴപ്പത്തിലും വിഷമത്തിലുമായിപ്പോകാറുണ്ടോ? ഒറ്റപ്പെട്ടു പോയതുപോലെയുള്ള തോന്നൽ കുറച്ചുനേരത്തേക്കെങ്കിലും ഉണ്ടാകാറുണ്ടോ?

വളരെ ആത്മാർത്ഥതയോടെ നന്മയുള്ള ഒരു കാര്യം ഉറ്റവരോടാരോടെങ്കിലും പറഞ്ഞാൽ അവർ അതിനോട് താല്പര്യം കാണിക്കാതെ മുഖം തിരിച്ചാൽ, മറുത്തുപറഞ്ഞാൽ.... ചിലർക്ക് കുറച്ചുനേരത്തേക്ക് സകല ഉന്മേഷവും ചോർന്നതുപോലെ തോന്നും. തികഞ്ഞ ബോധ്യത്തോടെ ആചരിച്ചുകൊണ്ടിരിക്കുന്ന ജീവിത നിലപാടുകളോട് ആരെങ്കിലുമൊന്ന് അല്പം പരുഷതയോടെ പ്രതികരിച്ചാലായിരിക്കും ചിലപ്പോൾ വിഷമം തോന്നുക. ആർക്കും ഒരു പ്രയാസവുമുണ്ടാക്കാതെ സ്വന്തം ജീവിതം ആദർശബദ്ധമായി കൊണ്ടുപോകുന്ന ചിലരുണ്ട്. ഒഴുക്കിനനുസരിച്ച് പോകുന്ന ഭൂരിപക്ഷ സമൂഹത്തിന് ചിലപ്പോൾ ഇവരുടെ ജീവിതം ശരിയല്ലല്ലോ എന്നു തോന്നും. അവർ ഉപദേശങ്ങളും വിമർശനങ്ങളും ചോദ്യങ്ങളും ഒക്കെ വേണ്ടത്ര കയ്യിൽ വെച്ചുകൊണ്ട് കേറിവരും, ഉപദ്രവിക്കാൻ. മിണ്ടാതിരുന്നാൽ എന്താ മിണ്ടാത്തതെന്നും മിണ്ടിയാൽ എന്താ ഇത്ര ഒച്ച വെക്കാൻ എന്നൊക്കെ ചോദിക്കുന്നവരുണ്ട്. ഭൂരിപക്ഷ ലോകത്തിന്റെ ശരി ശരിയല്ലെന്ന് ഭാഗികമായി തോന്നുന്നവർക്കുപോലും ഇന്നു ജീവിച്ചുപോകൽ പ്രയാസമുണ്ടാക്കുന്നു. ലോകത്തിനനുസരിച്ച് ആടാൻ കഴിയാതെ സ്വന്തം ആട്ടം ആടിക്കൊണ്ടിരിക്കുന്നവർക്ക്, അതിന് ആഗ്രഹിക്കുന്നവർക്ക് ജീവിച്ചുപോകൽ തന്നെ സമരമായി മാറുന്നു. പുതിയ ജീവനകല വികസിപ്പിക്കുകയല്ലാതെ വേറെ വഴിയില്ലാതാകുന്നു.

എഴുത്തുകാരൻ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് ഒരു സംഭാഷണത്തിൽ ജലാലുദ്ദീൻ റൂമിയുടെ ഒരു കഥ ഉദ്ധരിക്കുന്നുണ്ട്. ഒരാളൊരു സ്വപ്നം കാണുന്നു. നാളത്തെ പ്രഭാതസൂര്യന്റെ രശ്മികൾ തട്ടുന്ന വെള്ളം കുടിച്ചാൽ എല്ലാവർക്കും ഭ്രാന്ത് വരുമെന്ന്. സംഭവ്യമാകുന്ന ആ സ്വപ്നത്തെ തുടർന്ന് അയാൾ എല്ലാവർക്കും മുന്നറിയിപ്പ് കൊടുക്കുന്നു. പക്ഷേ അയാളുടെ വാക്കുകൾ വകവെയ്ക്കാതെ ആളുകളെല്ലാം വെള്ളം കുടിക്കുകയും ഭ്രാന്തായിത്തീരുകയും ചെയ്യുന്നു. ഭ്രാന്തൻമാരുടെ ഇടയിൽ ജീവിക്കുന്ന ഭ്രാന്തില്ലാത്ത അയാൾ വല്ലാതെ വിഷമം അനുഭവിക്കുന്നു. ഒടുവിൽ അയാൾ വെള്ളമെടുത്ത് കുടിച്ച് സ്വയം ഭ്രാന്ത് സ്വീകരിച്ചു ശാന്തിയിലെത്തുന്നു.ഏതാനും വാക്കുകൾ മാത്രമുള്ള ഈ കഥ വലിയൊരു ജീവിത പാഠമല്ലേ നമുക്ക് പകർന്നുതരുന്നത്? ഞാനീ കഥ പലരോടും പറഞ്ഞു. പലർക്കും ഈ കഥയിൽ നിന്ന് വെളിച്ചം കിട്ടുന്നതായി അറിഞ്ഞു.

എന്റെ വായനാനുഭവത്തിൽ ബൃഹദ്ചരിതങ്ങളേക്കാൾ ഉടനടി ഫലം തന്നത് ഇത്തരം കൊച്ചുകഥകളാണ്. ആഴമേറിയ ജ്ഞാനമുത്തുകൾ ഘനീഭവിച്ചുണ്ടാകുന്ന മഞ്ഞുതുള്ളികൾ പോലെ..... നൂറ്റൊന്നാവർത്തിച്ച ക്ഷീരബല പോലെ.... ഈ കഥകൾ സെൻകഥകളെന്ന് പൊതുവെ അറിയപ്പെടുന്നു. കേവല ഗുണപാഠ കഥകളായല്ല, ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും മനസ്സിന് ധ്യാനാനുഭവം നൽകി ശുദ്ധീകരിക്കുകയും ചെയ്യുന്ന ഔഷധത്തുള്ളികൾ

കടപ്പുറത്ത് വേലിയേറ്റത്തിൽ അടിഞ്ഞുകൂടുന്ന നക്ഷത്രമത്സ്യങ്ങൾ ഓരോന്നായി പെറുക്കി കടലിലേക്ക് തന്നെ തിരികെ കൊണ്ടുപോയിടുന്ന കുട്ടിയോട് ഇത്രയും നക്ഷത്ര മത്സ്യങ്ങൾ അടിഞ്ഞുകൂടുമ്പോൾ നീയിങ്ങനെ ചെയ്യുന്നതുകൊണ്ട് എന്താകാനാണ് എന്ന മുതിർന്നവരുടെ ചോദ്യത്തിന് കുട്ടി പറയുന്ന മറുപടിയുണ്ട്. ഒന്നെങ്കിൽ ഒന്ന്, എനിക്കിതിനെയെങ്കിലും രക്ഷിക്കാൻ കഴിയുമല്ലോ. കുട്ടിയുടെ മറുപടി ഏൽപിക്കുന്ന ആഘാതത്തിന്റെ കൂടെ, പുഴയിൽ നിന്ന് കൊച്ചുചുണ്ടിൽ വെള്ളം കൊണ്ടുവന്ന് കാട്ടുതീ കെടുത്തിക്കൊണ്ട് ഞാൻ എനിക്കാവുന്നത് ചെയ്യുന്നു എന്നു പറയുന്ന കുരുവിയുടെ കഥ കൂടി ചേർത്തുവായിച്ചാൽ നിഷ്ക്രിയതക്കും അലസതയ്ക്കും നിസ്സംഗതയ്ക്കുമൊക്കെയുള്ള തേപ്പുമരുന്നായി.

എല്ലാറ്റിനെയും അളന്ന് ഇത്രേയുള്ളൂ എന്ന് തിട്ടപ്പെടുത്തി നടക്കുന്ന അംഗുലപ്പുഴു .ഒരു വാനമ്പാടിയുടെ ശരീരത്തെയല്ലാതെ അതിന്റെയുള്ളിലെ സംഗീതത്തെ തനിക്ക് അളക്കാനാവുന്നില്ല എന്ന് തിരിച്ചറിഞ്ഞ പുഴുവിന്റെ കഥ നമ്മുടെയൊക്കെ 'ഈഗോ'യെ തന്നെ അലിയിച്ചുകളയുന്നു.

എത്ര തുടച്ചിട്ടും മേശ വൃത്തിയാവാതിരിക്കുന്നതുകണ്ട് തുടയ്ക്കുന്ന തുണിയിലാണ് അഴുക്ക് എന്ന് ചൂണ്ടിക്കാണിക്കുന്ന ഗുരുവിന്റെ കഥ നാം മുറുകപ്പിടിക്കുന്ന ആദർശസംഹിതകളെ പുന:പരിശോധനയ്ക്കു വിധേയമാക്കാൻ പ്രേരിപ്പിക്കുമെന്നുറപ്പാണ്.


കഠിനമായി അദ്ധ്വാനിച്ച് സമ്പന്നനായി എല്ലാം നേടിയാൽ നിനക്ക് പിന്നെ ഒന്നും ചെയ്യാതെ തന്നെ സ്വസ്ഥമായി മലർന്നു കിടക്കാം എന്നുപദേശിക്കുന്നയാളോട് ഇതൊന്നും ചെയ്യാതെ തന്നെ താനിപ്പോ സ്വസ്ഥമായി മലർന്നു കിടക്കുകയാണല്ലോ എന്ന് ശാന്തമായി പറയുന്ന മുക്കുവന്റെ കഥ മനസ്സിന് ഒത്തിരിയൊത്തിരി സ്വാസ്ഥ്യം കൊണ്ടുതരുന്നു.

ഏതൊക്കെയോ മഹാഗുരുക്കൻമാർ മൊഴിഞ്ഞ സ്ഥലകാല വിവേചനമില്ലാത്ത, നിക്ഷിപ്തമാക്കി വെക്കാത്ത സാർവ്വലൗകികമായ ഈ കഥാമൃതുകൾ ലോകത്തിന്റെ മഹത്തായ വൈദ്യപാരമ്പര്യത്തിലെ അമൂല്യമായ സമ്പത്താകുന്നു.

വല്ലാതെ ശ്വാസം മുട്ടി വശംകെടുമ്പോൾ എടുത്തുപയോഗിക്കാവുന്ന ഇൻഹേലർ. ജീവിതയാത്രയിൽ ഞാനീ മുത്തുകൾ കീശയിലിട്ട് നടക്കുന്നു.

*വായന*

# പണിയഭാഷയുടെ തനതുവഴികൾ



**അഡ്വ. ടി. എം. ഗോപാലകൃഷ്ണൻ**

കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമാണ് പണിയർ. അവർക്ക് തനത് ഭാഷയും പ്രൗഢമായ വാമൊഴി സാഹിത്യവുമുണ്ട്. മലയാളത്തിന്റെ ഭാഷാഭേദമാണ് പണിയഭാഷ. കന്നഡ, തുളു, തമിഴ്, കുടക് ഭാഷകളിലെ പദങ്ങളും പണിയ ഭാഷയിൽ കാണാം. നമ്മുടെ നിത്യജീവിതത്തിലെ ഏത് അവസ്ഥയേയും ആവിഷ്കരിക്കുവാനും അടയാളപ്പെടുത്തവാനും വേണ്ട പദ സമ്പത്ത് പണിയഭാഷയ്ക്കുണ്ട്. മലയാള ഭാഷയിൽ തനത് പദങ്ങളില്ലാത്ത പല ഇംഗ്ലീഷ് പദങ്ങൾക്കു കൂടി പണിയഭാഷയിൽ തനത് സമാനപദങ്ങളുണ്ടെന്നത് ഏറെ ശ്രദ്ധേയമാണ്. ട്യൂബ് ലൈറ്റിന് 'ബടിബുളാക്കു', ബ്ലൗസിന് 'മുലെകുപ്പെയ, ബൾബിന് 'മുട്ടെബുളാക്കു', ബേങ്കിന് 'പണെപീടിഎ', ട്രൈബൽ ഓഫീസർക്ക് 'ഏങ്കളെ ആപ്പീച്ചറു' എന്നിങ്ങനെ ഈ ഭാഷയിൽ തനത് പദങ്ങൾ ഉണ്ട്. 'ബടിബുളാക്കും പിഞ്ഞാണ കക്കൂച്ചും ഞങ്ങക്കും ബേണം ചർക്കാറെ' (ട്യൂബ് ലൈറ്റും ക്ലോസറ്റ് സൗകര്യത്തോടുകൂടിയ കക്കൂസും ഞങ്ങൾക്കും വേണം സർക്കാരേ) എന്ന പണിയരുടെ മുദ്രാവാക്യവും മറ്റും ഏറെ കൗതുകകരമാണ്.

മറ്റു വരമൊഴി ഭാഷകൾക്കെന്നപോലെ പണിയഭാഷയ്ക്കും നിരവധി വകഭേദങ്ങളുണ്ട്. ഉൾക്കാട്ടിൽ താമസിക്കുന്ന പണിയരുടെ ഭാഷയിലും ഗ്രാമപ്രദേശത്ത് നിവസിക്കുന്നവരുടെ ഭാഷയിലും പ്രകടമായ വ്യത്യാസങ്ങളുണ്ട്. തങ്ങളുടെ യജമാനൻമാരുടെ ഭാഷയ്ക്കനുസരിച്ച് പണിയർ സംസാരിക്കുന്ന ഭാഷയിലും ഭാഷാഭേദം സംഭവിക്കാറുണ്ട്.

വയനാട്ടിലെയും കേരളത്തിന്റെ ഇതര ഭാഗങ്ങളിലെയും വലിയ പ്രാക്തജനവിഭാഗമാണ് പണിയർ. വയനാട്ടിലും കുടകിലും മറ്റും അടുത്തകാലം വരെ അടിമത്തൊഴിലാളികളായി ഇവർ പണിയെടുത്തിരുന്നു. ഒട്ടേറെ ചൂഷണങ്ങൾക്ക് വിധേയരായ ഈ പ്രാന്തവൽക്കരിക്കപ്പെട്ട ജനതയെക്കുറിച്ച് ഇന്നും കാര്യമായ പഠനമൊന്നും നടന്നിട്ടില്ല. കെട്ടുകഥകളിലും മിത്തുകളിലും കെട്ടുപിണഞ്ഞ ചരിത്രമാണ് ഈ പാവപ്പെട്ട ആദിവാസി സമൂഹത്തിന്റേത്. അങ്ങനെ നോക്കുമ്പോൾ ഇവരുടെ ഭൂതകാലം ഇപ്പോഴും ഇരുളടഞ്ഞതാണെന്നു പറയാം.

വയനാട് ജില്ലയിലെ കാട്ടിക്കുളം സ്വദേശിനിയാണ് ഈ ഗ്രന്ഥം രചിച്ച ഡോ: പി.ജി.പത്മിനി. ഭാഷാധ്യാപികയായ അവർ ഡോ: ടി.പി.സുകുമാരന്റെ കീഴിൽ 'പണിയഭാഷ' സംബന്ധിച്ച ഗവേഷണത്തിന് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. പണിയരുടെ തനത് ഭാഷയെക്കുറിച്ചുള്ള ആഴത്തിലുള്ള ഒരു പഠനമാണീ ഗ്രന്ഥം. ഒപ്പം പണിയഭാഷാ പദങ്ങളുടെ അപൂർവ്വ പദകോശവും ഈ ഗ്രന്ഥത്തിലുൾപ്പെടുത്തിയിരിക്കുന്നു.

ആഗോളീകരണത്തിന്റെയും പുത്തൻ അധിനിവേശത്തിന്റെയും ഈ കാലത്ത് പ്രാദേശിക ഭാഷകളും സംസ്കാരങ്ങളും കടുത്ത ഭീഷണി നേരിടുന്നു. ഇംഗ്ലീഷിന്റെ കുത്തൊഴുക്കിൽ മലയാളം പോലുള്ള നാട്ടുഭാഷകൾ ശുഷ്കമായിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ പുതിയ കാലഘട്ടത്തിൽ പ്രാദേശിക ഭാഷകൾ ക്ഷയോന്മുഖമാവുകയും പലപ്പോഴും നാട്ടുഭാഷകൾ ദലിത് ആയി മാറുകയും ചെയ്യുന്നു. ഇതിനെതിരെ പ്രതിരോധം തീർക്കേണ്ടത് അത്യാവശ്യമാണ്. പണിയരടക്കമുള്ള ആദിവാസി വിഭാഗത്തെ നാം നാഗരികരാക്കാൻ ശ്രമിക്കുന്നു. ആ തത്രപ്പാടിൽ നമ്മുടെ ഭാഷ നാം അവർക്കുമേൽ അടിച്ചേൽപിക്കുന്നു. അതിനിടയിൽ അവരുടെ പ്രാക്തനമായ ഭാഷയും സംസ്കാരവും വെല്ലുവിളി നേരിടുന്നു. ഒരു ജനതയുടെ തനത് സംസ്കാരത്തെ നശിപ്പിക്കാൻ എളുപ്പം അവരുടെ ഭാഷയെ നശിപ്പിക്കുന്നതിലൂടെയാണ്. ക്ഷയോന്മുഖമായ പണിയഭാഷയും സംസ്കാരവും തീർച്ചയായും സംരക്ഷിക്കപ്പെടേണ്ടതാണ്.

***ബാങ്ക്, ബൾബ്, ട്യൂബ്ലൈറ്റ് തുടങ്ങിയ വാക്കുകൾക്ക് മലയാളത്തിൽ തനതുവാക്കുകളില്ല. എന്നാൽ ആദിവാസി വിഭാഗമായ പണിയരുടെ ഭാഷയിൽ ഇവയ്ക്കൊക്കെ സ്വന്തമായി വാക്കുകളുണ്ട്. ബാങ്കിന് പണപീടിഎ എന്ന വാക്ക് ആണ് പണിയഭാഷയിൽ. അങ്ങനെയെത്ര തനതു പ്രയോഗങ്ങൾ.***

പണിയഭാഷയെയും അവരുടെ ഗോത്ര ചരിത്രത്തെയും കുറിച്ച് ഈ കൃതി രചിച്ച ഡോ:പി.ജി.പത്മിനി തികച്ചും അഭിനന്ദനം അർഹിക്കുന്നു. ഈ കൃതി വേറിട്ട ഒരു വായനാനുഭവം പ്രദാനം ചെയ്യുന്നു. പണിയ ഭാഷയും സംസ്കാരവും അടുത്തറിയാൻ ശ്രമിക്കുന്ന ഏതൊരാളും ഈ കൃതി അവശ്യം വായിച്ചിരിക്കേണ്ട ഒന്നാണ്.

***പണിയ ഭാഷാ നിഘണ്ടു***
*ഡോ: പി.ജി. പത്മിനി*
*കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്*
*വില : 120 രൂപ*

---

## കത്തെഴുത്ത്


**ഗുരു നിത്യചൈതന്യയതിക്ക് കത്തെഴുത്ത് ഒരു സർഗ്ഗാവിഷ്കാരം തന്നെയായിരുന്നു.**



***ഗുരുവിന്റെ ലളിത ജീവിതത്തെ അടയാളപ്പെടുത്തുന്ന ഒരു കത്തിൽ നിന്നുള്ള വരികൾ:***

എന്റെ നിക്ഷേപം പണമായിട്ടായിരുന്നില്ല. ഇപ്പോഴും അല്ല. ഉപനിഷത്തുകൾ, ഭഗവദ്ഗീത, പുതിയനിയമം, ഖുർആൻ, ചൈനയിലെ ജ്ഞാനികൾ, സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസ്സി, സെന്റ് തെരേസ ഓഫ് ആവില തുടങ്ങിയവരുടെ കൃതികൾ ഒക്കെയാണ് വിശ്വാസത്തെയും നൈതികതയെയും എന്നും നയിച്ചിട്ടുള്ളത്.

യൂറോപ്പിലും അമേരിക്കയിലും ആയിരുന്നപ്പോഴും രാത്രിയിലുള്ള കഞ്ഞിയും പയറും ഉപേക്ഷിച്ചിട്ടില്ല. കഴിഞ്ഞ 54 വർഷമായിട്ട് എല്ലാ ദിവസവും വെളുപ്പിന് 5 മണിക്ക് എഴുന്നേൽക്കും. രാത്രി 10.30 ന് ഉറങ്ങണം. അതിനിടയിൽ ഒരു മണിക്കൂർ വിശ്രമിക്കും. 16 മണിക്കൂറോളം നിരന്തരമായി പണിയെടുക്കുന്നുണ്ട്. ഞാൻ നടരാജഗുരുവിന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തെ എല്ലാവരും ഗുരു എന്നു വിളിച്ചിരുന്നു. അദ്ദേഹം അന്തരിച്ചപ്പോൾ അദ്ദേഹത്തിനു വേണ്ടി ഗുരുകുലം നടത്തുവാൻ ഞാൻ നിയോഗിക്കപ്പെട്ടതിനാൽ എന്നെയും ആളുകൾ അങ്ങനെ വിളിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഞാൻ ആരുടേയും ഗുരുവല്ല. ആരെയും ശിഷ്യനെന്നോ ശിഷ്യയെന്നോ വിളിക്കാറില്ല. എല്ലാവരെയും സ്നേഹിതരായി കരുതുന്നു



*കവിത*

# മരം

റിസ്‌വാൻ

ഒരു മരം
അതിന്റെ ഓർമ്മ
എവിടെയാണ് സൂക്ഷിക്കാറ്


കൊഴിയുന്ന ഇലയിലോ
പൂവിലൊ കായിലോ അധികമൊന്നും
സൂക്ഷിക്കാനാവില്ല.

കാറ്റും മഴയും മഞ്ഞും
കൂടും കാക്കേം പുഴുവും
മരംകൊത്തീം തേനീച്ചയും എട്ടുകാലീം
അങ്ങനെ അതിനോടുകൂടെയുള്ള
എല്ലാരും ഓർമ്മ പങ്കുവെക്കുന്ന
ഒരിടത്തും സുരക്ഷിതമായി
മരത്തിന്റെ മാത്രമായ രഹസ്യങ്ങൾ
അടക്കിവെക്കാനാവില്ല.

മരം ഒട്ടുമുക്കാലും ഓർത്തെടുക്കുന്നത്
വേരിലൂടെയാണ്.

വേനലിന്റെ മഞ്ഞമരം
ഇപ്പോൾ അതിന്റെ ചില്ലകളിലൂടെ
കാണാപ്പാഠം പായുന്ന അണ്ണാന്റെ
അറുപതാം മുത്തശ്ശനേം മുത്തശ്ശിയേം
ഓർത്തെടുക്കയാണ്.

ആഴത്തിനുമാഴത്തിലുള്ള
വേരിന്റെ തുമ്പിന്റെ തുമ്പീന്ന്
ഒരിക്കിളി.



*മരിയോ മിരാന്റയുടെ ഒരു ചിത്രം*

*അനുഭവം*

# ഇങ്ങനെയും ഒരാളും ഓഫീസും, നാടും

രാജേന്ദ്രൻ വയല

കേരളത്തിന്റെ അതിർത്തിക്കപ്പുറമുള്ള സംസ്ഥാനത്ത് അടുത്ത ബന്ധു കുറച്ച് കൃഷിയിടം വാങ്ങിയിരുന്നു. ബന്ധു ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹത്തിന്റെ സഹായിയായി കൃഷിസ്ഥലം *'പോക്കുവരവ്' ചെയ്യിക്കുന്നതിനും മറ്റുമായി ഒപ്പം കൂടിയതായിരുന്നു ഞാൻ.

വസ്തുവിന്റെ പ്രമാണവുമായി സ്ഥലത്തെ വില്ലേജാഫീസ് കണ്ടുപിടിച്ച് ഞങ്ങളെത്തിച്ചേർന്നു. അറിയാവുന്ന ഭാഷയിൽ കാര്യങ്ങൾ പറഞ്ഞുകേൾപ്പിച്ചു. പൂരിപ്പിക്കാനായി ഒരു ഫോറം നീട്ടിത്തന്നു. വായിക്കാനറിയാതെ നിസ്സഹായരായി നിന്ന ഞങ്ങളോട് ഉദ്യോഗസ്ഥൻ കാര്യം തിരക്കി. ഞങ്ങൾ വിവരം പറഞ്ഞു. അയാൾ പ്രമാണം നോക്കി കാര്യങ്ങൾ വളരെപ്പെട്ടെന്നു പൂരിപ്പിച്ചു. ചൂണ്ടിക്കാട്ടിയ സ്ഥലത്ത് ഒപ്പിടാൻ പറഞ്ഞു.

അപേക്ഷ സ്വീകരിക്കപ്പെട്ടു. അടുത്ത ദിവസം എത്തിക്കോളാൻ പറഞ്ഞു. ബന്ധുവിന്റെ മൊബൈൽ നമ്പർ അപേക്ഷ കടലാസിനു പിറകിൽ രേഖപ്പെടുത്തി ജോലിയിൽ മുഴുകി.

അപ്പോഴൊക്കെയും അയാൾ തികച്ചും നിർമ്മമനായിരുന്നു. എന്തോ ഒരു നിയോഗം പോലെയോ അനുഷ്ഠാനമായോ തോന്നിപ്പോയി.

"അയാൾക്ക് എന്തെങ്കിലും കൈമടക്ക് കൊടുത്താൽ ചിലപ്പോൾ കാര്യം പെട്ടെന്നു സാധിച്ചു കിട്ടിയേക്കും." പുറത്തേക്കിറങ്ങിയപ്പോൾ ഞാൻ പറഞ്ഞു.

"ഇവിടുത്തെ രീതിയും കാര്യവുമൊന്നുമറിയാതെ അത് ചെയ്താൽ ഗുണത്തേക്കാൾ ദോഷമുണ്ടായാലോ. രണ്ട് ദിവസം കഴിഞ്ഞുവന്ന് നോക്കാം. ഇത് വാങ്ങേണ്ടിയിരുന്നില്ല."

ബന്ധു നിരാശനായിരുന്നു. ഞാൻ ആശ്വസിപ്പിച്ചു. ഞങ്ങൾ താമസസ്ഥലത്തേക്കു പോയി. അടുത്ത ദിവസങ്ങളിൽ പ്രധാന പുണ്യസ്ഥലങ്ങളിലും കാഴ്ചപ്പുറങ്ങളിലുമായിരുന്നു ഞങ്ങൾ. വസ്തുവും പോക്കുവരവുമൊക്കെ മറന്നു. അതിനിടയിൽ വന്ന ഫോൺ വില്ലേജധികാരിയുടേതായിരുന്നു.

അതിനടുത്ത ദിവസമാണ് ഓഫീസിലെത്തിയത്.

അധികാരി ബന്ധപ്പെട്ട രേഖ നീട്ടിത്തന്നു. പിന്നെ ചില കടലാസ് തുണ്ടുകളും. അതിൽ സ്ഥലത്തെ കൃഷിഭവൻ, സഹകരണബാങ്ക്, മണ്ണ് പരിശോധനാ കേന്ദ്രം എന്നിവയുടെയൊക്കെ ഫോൺ നമ്പരുകളായിരുന്നു.

അത് നോക്കി നിന്നപ്പോൾ അധികാരി പറയുന്നു. "വസ്തുവിന്റെ പ്രമാണവുമായി ഇവിടെ ചെന്നാൽ കൃഷി നടത്താൻ വേണ്ടതൊക്കെ ചെയ്തുതരും."

അയാൾ അപ്പോഴും ചിരിക്കുകയോ പരിചയഭാവം കാട്ടുകയോ ഉണ്ടായില്ല. എങ്കിലും ഞങ്ങളുടെ ഉള്ളു നിറഞ്ഞിരുന്നു. പുറത്തേക്കിറങ്ങിയപ്പോൾ ഞാൻ പറഞ്ഞു.

"എനിക്കും നാട്ടിലെ സ്ഥലം വിറ്റ് ഇവിടെ കുറച്ച് വാങ്ങിയാലോ എന്നാലോചിക്കയാണ്."

ബന്ധു മറുപടി പറഞ്ഞില്ല. ചെറുതായി ചിരിച്ചു. പക്ഷേ ആ ചിരി തന്നെ മറുപടിയായിരുന്നു.

*(* പോക്കുവരവ്: വസ്തു പേരിൽ കൂടിക്കരമടക്കുന്ന ഏർപ്പാട്)*

# വേനലവധിക്കാലത്തെ അദ്ധ്യാപക ജീവിതം

**റഹ്മാൻ കിടങ്ങയം**

വീണ്ടും ഒരു വേനലവധിക്കാലം.

വിദ്യാർത്ഥിയായിരുന്നപ്പോൾ കാത്തുകാത്തിരുന്ന ദിനങ്ങളായിരുന്നു വേനലവധികൾ. മീനച്ചൂടിൽ ദേഹവും പരീക്ഷച്ചൂടിൽ മനസ്സും ഒരുപോലെ അസ്വസ്ഥമാവുമ്പോൾ എല്ലാ കെട്ടുകളിൽ നിന്നും മോചനം കിട്ടുന്ന രണ്ടു മുഴുവൻ മാസങ്ങൾ. വീട്ടിന്നടുത്തുള്ള തോട്ടിലെ ഇനിയും വറ്റിയിട്ടില്ലാത്ത വെള്ളക്കുഴികളിൽ ദിവസത്തിൽ പലതവണയാഘോഷിക്കുന്ന തുടിച്ചുനീരാട്ട്. വീടുകൾ മേയുന്ന തടുക്കുകളുണ്ടാക്കാനായി തെങ്ങോലപ്പട്ടകളിട്ടു ചീയിച്ച കുളത്തിലെ ചേറ് നിറഞ്ഞതും ദുഷിച്ച മണം വരുന്നതുമായ കുഴമ്പുപരുവത്തിലുള്ള വെള്ളത്തിലിറങ്ങി മീൻ തപ്പിപ്പിടുത്തം. കൊയ്തൊഴിഞ്ഞ പാടത്ത് കൂട്ടുകാരുമൊത്ത് കെട്ടുപന്തുകൊണ്ട് വാശിയേറിയ തലപ്പന്തുകളി. പാഠപുസ്തകം വായിക്കേണ്ടതില്ലാത്ത രാത്രികളുടെ സ്വാതന്ത്ര്യമനുഭവിച്ച് പെങ്ങൻമാരോടൊത്ത് നിലാവു പൂശിയ മുറ്റത്തിരുന്ന് കടങ്കഥപ്പയറ്റ്.

ഇന്ന് പക്ഷേ, അങ്ങനെയൊരു കുട്ടിക്കാലമില്ല. മുതിരുന്തോറും കുട്ടിയാവാൻ കഴിയാത്തതിന്റെ നിരാശ കൂടിക്കൂടി വരികയാണ്. എങ്കിലും തൊഴിൽപരമായി അദ്ധ്യാപകനാവാൻ കഴിഞ്ഞതിൽ സന്തോഷം തോന്നാറുണ്ട്. കുട്ടികളുമൊത്തുള്ള നിരന്തര സഹവാസം മൂലം മനസ്സിൽ കുട്ടിത്തത്തിന്റെ ചില ഭാവങ്ങളെങ്കിലും കൈമോശം വരാതെ സൂക്ഷിക്കാനാവുന്നു എന്നതിനാലാവാം ഓരോ മദ്ധ്യവേനലവധി വരുമ്പോഴും ഉള്ളിന്റെയുള്ളിൽ ഗൃഹാതുരമായ അനുഭൂതികളുടെ കുളിരൂറുന്നത്.

വേനലവധിക്ക് സ്കൂളടച്ചാൽ ഒരു കെട്ട് പരീക്ഷാപേപ്പറുകളും, മാർക്കും ഗ്രേഡും രേഖപ്പെടുത്തിവെക്കാനായി എണ്ണമറ്റ കള്ളികളുള്ള പ്രമോഷൻ ലിസ്റ്റുകളുമായാണ് ഞങ്ങളദ്ധ്യാപകർ വീട്ടിലെത്തുന്നത്. സൂചകങ്ങൾക്കനുസരിച്ച് മാർക്കുകളും ഗ്രേഡുകളും തയ്യാറാക്കി ചാർട്ടു ചെയ്യുമ്പോഴേക്കും അഞ്ചാറു ദിവസമെങ്കിലും പോവും.

പണി പൂർത്തിയായിക്കഴിഞ്ഞാൽ ഇനി അവധിക്കാലം ആഘോഷിച്ചുകളയാം എന്നു വിചാരിക്കുമ്പോൾ പലതും ഇടയ്ക്കു കയറിവരും. കുടുംബത്തോടൊപ്പം ഒരു ഉല്ലാസയാത്ര, ഇഷ്ടപ്പെട്ട ബന്ധുവീടുകളിലേക്ക് സന്ദർശനം ഒക്കെ പ്ലാൻ ചെയ്തിട്ടുണ്ടാവും. വീട്ടിൽ നിന്ന് ഏറെ അകലെ ജോലി ചെയ്യുന്നവർക്ക് നാട്ടിലെ കുടുബത്തോടൊപ്പം. കഴിയാനുള്ള കൊതിപിടിച്ച നെട്ടോട്ടം. വീട്ടമ്മമാരായ അദ്ധ്യാപികമാർക്ക് പുതിയ പാചകപരീക്ഷണങ്ങൾക്കുള്ള കാലം. രാവിലെ ധൃതിപിടിച്ച് എന്തെങ്കിലും ഉണ്ടാക്കി മക്കൾക്കും തനിക്കും കണവനും പ്രത്യേകം പ്രത്യേകം ടിഫിൻ കാരിയറുകളിലടച്ച് കുളിച്ചെന്നു വരുത്തി സാരി വാരിയുടുത്ത് ബാഗും തൂക്കി ബസ് സ്റ്റാന്റിലേക്കോടുന്ന പതിവു പ്രഭാതങ്ങൾക്കും, വാടിത്തളർന്ന് തിരിച്ചെത്തി വേഷം മാറ്റി സന്ധ്യയ്ക്കുള്ളത് പെട്ടെന്ന് തയ്യാറാക്കി കുടുംബത്തെ ഊട്ടി മേലുകഴുകി തളർന്നുറങ്ങുന്ന പതിവു വൈകുന്നേരങ്ങൾക്കും, ഒരാഴ്ചത്തെ വിഴുപ്പു മുഴുവൻ അലക്കി നടുവൊടിയുന്ന വൈകുന്നേരങ്ങൾക്കും പകരമായി ഇഷ്ടം പോലെ സമയമുള്ള ദിനങ്ങളുടെ ധാരാളിത്തത്തിലാണ് ഇത്തരം പാചകപരീക്ഷണങ്ങൾ.

അദ്ധ്യാപകരുടെ അവധിക്കാലത്തെ പ്രധാനപ്പെട്ട ഒരു പ്രോഗ്രാം വീടുപണിയാണ്. പി.എഫും ബാങ്കുനിക്ഷേപവുമടക്കം അടുത്ത പത്തുവർഷത്തേക്കുള്ള ശമ്പളം കൂടി കടമാക്കുന്ന തരത്തിൽ കടം വാങ്ങി തൊട്ടടുത്തു താമസിക്കുന്ന ഗൾഫുകാരനെപ്പോലും അതിശയിപ്പിക്കുന്ന ഒരു വീട്. ഒത്താൽ ഒരു മാരുതികാറും. വീടുപണിയുടെ കടവും അദ്ധ്വാനവും തീർത്ത ക്ഷീണിച്ച മുഖവുമായാണ് അടുത്ത അദ്ധ്യയനവർഷത്തെ ആദ്യദിനത്തിൽ അത്തരക്കാർ സ്കൂളിലെത്തുക. ആകെ ഒരു ഇരിക്കപ്പൊറുതിയില്ലായ്മ കണ്ടാൽ ഉറപ്പിക്കാം പണിതീരാത്ത ഒരു വീട് അയാളുടെ ഉള്ളിലിരുന്ന് നിലവിളിക്കുന്നുണ്ട്.

അവധിക്കാലം ഫലപ്രദമായി വായനയ്ക്കും അറിവുനേടാനും ചിലവഴിക്കുന്ന എത്ര അദ്ധ്യാപകരുണ്ട് എന്ന് വെറുതെ ചിന്തിച്ചുനോക്കിയിട്ടുണ്ട്. തുലോം കമ്മി. 'സ്കൂളടക്കട്ടെ, എന്നിട്ടുവേണം ആ പുസ്തകമൊന്ന് വായിച്ചുതീർക്കാൻ' എന്നുപറയുന്ന ഒരദ്ധ്യാപകനെ/അദ്ധ്യാപികയെ കാണാൻ മോഹിച്ചിട്ടുണ്ട്. ഏറെ വായിക്കേണ്ട ഒരു സമൂഹം വായനയിൽ നിന്ന് വല്ലാതെ അകന്നുപോവുന്നത് കണ്ട് വേദനിച്ചിട്ടുണ്ട്.

അവധിക്കാലത്ത് കമ്പ്യൂട്ടർ പഠനത്തിന് സമയം കണ്ടെത്തുന്ന അദ്ധ്യാപകരുണ്ട്. തയ്യലും ചിത്രത്തുന്നലും മറ്റും പഠിക്കാൻ സമയം കണ്ടെത്തുന്ന ചില അദ്ധ്യാപികമാരും. മിക്കവാറും പുരുഷാദ്ധ്യാപകർക്ക് വേറെ സൈഡ് ബിസിനസ്സുകളുണ്ട് എന്നത് പരസ്യമായ രഹസ്യം. അവധിക്കാലം അത് വിപുലപ്പെടുത്താനും കൊഴുപ്പിക്കാനുമുള്ള സമയമാണവർക്ക്. എല്ലാവരും പണത്തിന്റെ പിന്നാലെ ഓടുമ്പോൾ അദ്ധ്യാപകർ മാത്രമെന്തിന് പിൻവാങ്ങി നിൽക്കണം എന്ന നിലപാടാണ് അവർക്ക്. അദ്ധ്യാപനം സേവനമാണെന്നു പറയുന്നുണ്ടെങ്കിലും അതൊരു ജീവിതമാർഗ്ഗം കൂടിയാണ് എന്നതുകൊണ്ട് അവധിക്കാലത്ത് ട്യൂഷനെടുത്ത് കാശുണ്ടാക്കുന്നവരും ഇല്ലാതില്ല.

കാരൂരിന്റെ കഥയിലെ പൊതിച്ചോറു മോഷ്ടിക്കുന്ന ആ അദ്ധ്യാപകനുണ്ടല്ലോ. രണ്ടു മാസത്തെ അവധിക്കാലത്ത് ഒരു പണിയുമെടുക്കാതെ ശമ്പളം വാങ്ങി കീശയിലിടുമ്പോൾ ചിലപ്പോഴെങ്കിലും ഓർത്തുപോവാറുണ്ട് അയാളെ. ആത്മനിന്ദ തോന്നാറുണ്ട് അപ്പോൾ.

---

*മൂവ്മെന്റ്*

## ബസ്സ് പിടിച്ചെടുക്കൽ

**അർപ്പണ മഠത്തിൽ**

വാഴ്സ്ട്രീറ്റ് പിടിച്ചടക്കൽ അമേരിക്കയിൽ ശക്തമായ ഒരു ജനകീയ മുന്നേറ്റമാവുമ്പോൾ നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് ആവിഷ്കരിക്കാവുന്ന ഒരു സ്ത്രീ ശാക്തീകരണ പ്രവർത്തനമാണ് ബസ്സ് പിടിച്ചെടുക്കൽ മൂവ്മെന്റ്. ബസ്സിൽ സാധാരണ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ ഇരിക്കാതെ നേരെ സ്ത്രീകൾക്കും പുരുഷൻമാർക്കും ഇരിക്കാവുന്ന സീറ്റുകളിൽ ആദ്യം തന്നെ സ്ത്രീകൾ കയറിയിരിക്കുക. അങ്ങനെയാവുമ്പോൾ പിന്നീട് കയറുന്ന കൂടുതൽ സ്ത്രീകൾക്ക് സ്ത്രീകളുടേത് മാത്രമായി സംവരണം ചെയ്ത സീറ്റുകളിൽ ഇരിക്കുകയും ചെയ്യാം. കൂടുതൽ സ്ത്രീകളെ ബസ്സിലെ സീറ്റിൽ പിടിച്ചിരുത്താനും ബസ്സുകൾ പിടിച്ചെടുക്കാനും ഈ മാർഗ്ഗം നമ്മുടെ സ്ത്രീസഹോദരികൾ പരീക്ഷിക്കുമോ?



## കുരുവികൾക്കായി വെബ്സൈറ്റ്

കുരുവികൾ എല്ലായിടത്തുമുണ്ട്. എന്നാൽ അവയുടെ അംഗസംഖ്യ കുറഞ്ഞുവരുന്നു. പുതിയ നാഗരിക വളർച്ച കുരുവികളുടെ ഇടങ്ങളെ പ്രതികൂലമായി കവർന്നെടുത്തു. അങ്ങാടികളിൽ ആവാസകേന്ദ്രങ്ങളും ആഹാരവും കണ്ടെത്തി വംശം നിലനിർത്താൻ ശ്രമിച്ച കുരുവികൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കുരുവികൾ നേരിടുന്ന ഭീഷണികൾ ആളുകളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി BNHS ലെ പക്ഷിസ്നേഹികൾ രൂപം കൊടുത്ത വെബ്സൈറ്റ് ആണ് www.citizensparrow.in.

## കാക്ക എങ്ങനെ അസഭ്യമാകും?

കാക്ക അത്രയൊന്നും ഗ്ലാമറില്ലാത്ത പക്ഷിയാണല്ലോ. വൈലോപ്പിള്ളി കാക്കയെ പ്രകീർത്തിച്ച് കവിതയെഴുതിയിട്ടുണ്ടെങ്കിലും പക്ഷി നിരീക്ഷകരാരും കാക്കയെ അത്ര ഗൗനിക്കാറില്ലെന്നു തോന്നുന്നു. എന്നാൽ ഈയടുത്ത് ആസ്സാമിലെ ഗോഹട്ടിയിലെ ടി.വി സ്റ്റുഡിയോയിലെ പ്രധാന 'ടോക്ഷോ' കാക്കയെ പറ്റിയായിരുന്നു. വിഷയം 'കാക്ക' എന്ന പദം അസഭ്യമോ? എന്നതും. ഇതിനു കാരണമായത് ആസ്സാം അസംബ്ലിയിലെ സ്പീക്കർ പ്രണാബ് ഗോഗോയി നടത്തിയ ഒരു പരാമർശമാണ്. സഭയിൽ പ്രതിപക്ഷ പാർട്ടികൾ (AIUDF) കാക്കപ്പടയുണ്ടാക്കുന്നു എന്ന് സ്പീക്കർ പറഞ്ഞത് പ്രതിപക്ഷം വിവാദമാക്കി. തങ്ങളെ കാക്കകളോട് താരതമ്യപ്പെടുത്തിയത് ഹീനമായ കാര്യമാണെന്നും 'കാക്ക' എന്ന അസഭ്യ പദം സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ട് പ്രതിപക്ഷം ബഹളം വെച്ചു. ഈ വിവാദങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു. 'കാക്ക'യെ ടെലിവിഷൻ പ്രോഗ്രാം വിചാരണ ചെയ്തത്.



## എഴുത്തുകാരെ ആവശ്യമുണ്ട്

എഴുത്ത് അദമ്യമായ മോഹമായി നിങ്ങളുടെ ഉള്ളിലുണ്ടോ? കേവല സർഗ്ഗാത്മക സാഹിത്യത്തിനപ്പുറം മൗലികതയും പുതുമയും നന്മയുമുള്ളതായ വിഷയങ്ങൾ (ഫീച്ചർ, അഭിമുഖം, ലേഖനം...) കണ്ടെത്താനുള്ള അഭിരുചിയുണ്ടോ? പ്രതിഫലമാഗ്രഹിക്കാതെ കച്ചവടക്കണ്ണില്ലാത്ത പ്രസിദ്ധീകരണങ്ങളിൽ രചനകൾ പ്രസിദ്ധീകരിച്ചുകാണാൻ ആഗ്രഹമുണ്ടോ? തുടക്കക്കാർക്ക് മുൻഗണന. ബന്ധങ്ങൾക്ക്: 8547300532



**100** രൂപ

*ലിറ്റിൽ മാസിക*


1 വർഷത്തേക്ക്

ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം

അക്കൗണ്ട് നമ്പർ-ബിജു ജോൺ

0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)

*-ലിറ്റിൽ മാസിക,ചുങ്കത്തറ,*
*മലപ്പുറം-679334*




## ലിറ്റിൽ മാസിക സുഹൃത്തുക്കളുടെ ഒത്തുചേരൽ


ഇരുപതാം വർഷത്തിലേക്ക് പ്രവേശിച്ച ലിറ്റിൽ മാസിക വായനക്കാരുമായി ജൈവസൗഹൃദം തേടുന്നു. മാസിക മുന്നോട്ടുവെയ്ക്കുന്ന ചിന്തകൾ, എഴുത്തിന്റെയും അവതരണത്തിന്റെയും രീതികൾ, പ്രചാരണം, നിലനിൽപ് തുടങ്ങിയ കാര്യങ്ങളിൽ സുഹൃത്തുക്കളുടെ വിലയിരുത്തലുകളും നിർദേശങ്ങളും പ്രധാനമാണെന്ന് ഞങ്ങൾ കരുതുന്നു. നമുക്ക് ഒത്തുകൂടാം. ഉള്ളുതുറക്കാം.. **2012 മെയ് 26 ന് വൈകിട്ട് 5 മുതൽ 27 രാവിലെ 11 മണി വരെ മലപ്പുറം ജില്ലയിലെ നിലമ്പൂർ ചന്തക്കുന്നിലെ ചന്ദ്രകാന്തത്തിൽ** വെച്ച് ആണ് ഒത്തുചേരൽ ക്രമീകരിക്കുന്നത്. സുഹൃത്തുക്കൾ വിളിക്കുക: **9946428284, 8547300532**

**-ലിറ്റിൽ മാസിക പ്രവർത്തകർ**

Rs.10/- Little Masika may 2012 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12

ഗ്രാഫിക് കഥ • ജൂൺ 5 • വി.സി. അഭിലാഷ്





ഗ്രാഫിക് കഥ

# ജൂൺ 5

വി.സി. അഭിലാഷ്

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara,.Malappuram District.